ധാന ഉപാധിയായി ഭാഷ മാറി. 'പാലസ് ഓഫ് ഡ്രീംസ്' എന്ന നോവലിലും അധിനിവേശശക്തികൾ ജനങ്ങളെ അവരുടെ മാതൃഭാഷയിൽനിന്ന് അകറ്റിനിർത്താൻ ശ്രമിക്കുന്നതിന് ഉദാഹരണങ്ങളുണ്ട്. നോവലിൽ കഥാനായകനായ മാർക്ക് ആലമിന്റെ കുടുംബത്തെ പ്രകീർത്തിച്ചുകൊണ്ട് പാടാൻ അൽബേനിയയിൽ നിന്നുള്ള ഇതിഹാസ പാരായണക്കാരെ അദ്ദേഹത്തിന്റെ ഇളയ അമ്മാവനായ കുർട്ട് ക്ഷണിക്കുന്നു. സാമ്രാജ്യത്വ തലസ്ഥാനത്തു താമസിക്കുന്ന തങ്ങളുടെ കുടുംബത്തിന്റെ ഇതിഹാസം ബോസ്നിയയിൽ നിന്നുള്ളവർ പാരായണം ചെയ്യുന്നതിലെ വൈരുധ്യം കുടുംബത്തിൽ അദ്ദേഹം ചർച്ച ചെയ്യുന്നു.
നൂറുകണക്കിനു വർഷങ്ങളായി ബോസ്നിയൻ പാരായണക്കാർ കുടുംബത്തിന്റെ ഇതിഹാസം പാടുന്നു. അൽബേനിയൻ ഭാഷയിൽ അല്ലാത്തതിനാൽ കുടുംബത്തിൽ ആർക്കും അത് മനസ്സിലാകാറുമില്ല. ഒരു ആചാരംപോലെ അതു തുടരുന്നുവെന്നുമാത്രം. അതിനാണ് കുർട്ട് മാറ്റം വരുത്താൻ തീരുമാനിച്ചത്. സ്വന്തം ഭാഷയിൽ കേട്ട് തന്റെ കുടുംബത്തിന്റെ ഇതിഹാസം മനസ്സിലാക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. ഈ തീരുമാനം കുർട്ടിന്റെ അറസ്റ്റിലും മരണത്തിലും കലാശിക്കുന്നു.

കദാരെയുടെ ഏറ്റവും മികച്ച കൃതികളിലൊന്നായി അറിയപ്പെടുന്ന നോവലാണ് 'പാലസ് ഓഫ് ഡ്രീംസ്' പ്രസിദ്ധീകരിച്ചു രണ്ടാഴ്ചയ്ക്കുള്ളിൽത്തന്നെ ഈ നോവൽ അൽബേനിയയിൽ നിരോധിക്കപ്പെട്ടു. എന്നാൽ അപ്പോഴേയ്ക്കും പുസ്തകത്തിന്റെ മുഴുവൻ കോപ്പികളും വായനക്കാർ വാങ്ങിക്കഴിഞ്ഞിരുന്നു.

നോവലിന്റെ തുടക്കത്തിൽ കഥാനായകനായ മാർക്ക് അലെം സ്വപ്നങ്ങളുടെ കൊട്ടാരത്തിൽ ജോലിക്കു ചേരുന്നു. ഉന്നതതല ബന്ധങ്ങളുള്ള അഭിജാതകുടുംബമായ ക്യുപ്രിലി (Quprili) കുടുംബത്തിലെ അംഗമാണ് മാർക്ക് അലെം. രാജ്യമാകെയുള്ള പൗരന്മാരുടെ സ്വപ്നങ്ങൾ ശേഖരിച്ച്, അവയെ തരംതിരിച്ച്, അവയ്ക്കു വ്യാഖ്യാനങ്ങൾ ചമയ്ക്കുന്ന സുപ്രധാന ജോലിയാണ് സ്വപ്നങ്ങളുടെ കൊട്ടാരത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ആഴ്ചയിലൊരിക്കൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്വപ്നത്തെ കണ്ടെത്തി അതു സുൽത്താനു കാഴ്ചവയ്ക്കും.
രാജ്യത്തിൻറെ ഭാഗധേയം വരെ നിർണ്ണയിക്കുന്ന സുപ്രധാനമായ തീരുമാനങ്ങൾ ചിലപ്പോൾ ഈ സ്വപ്നങ്ങളുടെ വ്യാഖ്യാനങ്ങൾകൊണ്ടു സംഭവിക്കാറുണ്ട്. അത്യധികം രഹസ്യസ്വഭാവമുള്ള ജോലിയാണ് സ്വപ്നങ്ങളുടെ കൊട്ടാരത്തിലേത്.

നോവലിലെ സ്വപ്നങ്ങളുടെ വിവരണം മാജിക്കൽ റിയലിസത്തെ ഓർമ്മിപ്പിക്കുന്നതാണ്. ഒരു മതപഠനശാലയിലെ കുട്ടിയുടേതായി മാർക്ക് അലെമിന്റെ മുൻപിലെത്തുന്ന സ്വപ്നം അത്തരത്തിലൊന്നാണ്. വീണുപോയ ഒരു മഴവില്ലാണു കുട്ടി സ്വപ്നത്തിൽ കണ്ടത്. രണ്ടുപേർ മഴവില്ലു കണ്ടെത്തി, ഉയർത്തി, പൊടിതട്ടി, നിറംകൊടുത്തു പഴയസ്ഥാനത്തു പ്രതിഷ്ഠിക്കാൻ ശ്രമിച്ചെങ്കിലും അതിനു കഴിയുന്നില്ല. ഒടുവിൽ അവർ മഴവില്ല് ഉപേക്ഷിച്ച് ഓടിപ്പോകുന്നു.

മാർക്ക് അലെമിന്റെ കുടുംബത്തിന്റെ ഉന്നതതലബന്ധം അവർക്ക് ഒരേപോലെ അനുഗ്രഹവും ശാപവുമാണ്. അയാളുടെ മാതൃസഹോദരന്മാർ മന്ത്രിസഭയിൽ ഉന്നതഉദ്യോഗങ്ങൾ വഹിക്കുന്നവരാണ്, ഏറ്റവും ഇളയ ആളായ ക്രുട്ട് ഒഴികെ. ജോലിതേടിയെത്തിയ മാർക്ക് അലമിനോട് തങ്ങൾ ശുപാർശകത്തുകൾ സ്വീകരിക്കാറില്ല എന്നു കൊട്ടാരത്തിൽനിന്നു പറയുന്നുണ്ടെങ്കിലും തുടക്കത്തിൽത്തന്നെ സ്വപ്നങ്ങൾ തരംതിരിക്കുന്ന വിഭാഗത്തിലേക്കാണ് അയാളെ നിയമിക്കുന്നത്. മറ്റുള്ളവരെപ്പോലെ ആദ്യം പകർത്തിയെഴുത്തു വിഭാഗത്തിലും പിന്നീട് സ്വീകരണവിഭാഗത്തിലും അയാൾക്കു ജോലി ചെയ്യേണ്ടിവരുന്നില്ല. ആഴ്ചകൾക്കുള്ളിൽത്തന്നെ മാർക്കിനെ തരംതിരിക്കൽ വിഭാഗത്തിൽനിന്നു വ്യഖ്യാനവിഭാഗത്തിലേക്കു മാറ്റുന്നു.' നിങ്ങൾ ഞങ്ങൾക്കു യോജിച്ചവനാണ്'എന്നു മാത്രമാണ് ഓരോ ഉദ്യോഗകയറ്റത്തിലും മേലുദ്യോഗസ്ഥർ അയാളോടു പറയുന്നത്. മാർക്കിന്റെ കുടുംബമഹിമയ്ക്കപ്പുറം എങ്ങനെയാണ് അയാൾ
യോജിച്ചവനാകുകയെന്ന് നോവലിൽ എവിടെയും സൂചിപ്പിക്കുന്നുമില്ല. ഏറ്റവും രഹസ്യസ്വഭാവമുള്ളതും അഭിമാനകാരവുമായ ജോലിയാണ് വ്യഖ്യാനവിഭാഗത്തിന്റേത്. മാർക്ക് അലെം ആഗ്രഹിക്കുന്നതിനു മുൻപായിത്തന്നെ അയാൾ പദവിയുടെ പടവുകൾ കയറുന്നുണ്ട്. എന്നാൽ ആരോ കണ്ട ഒരു സ്വപ്നത്തിന്റെ വ്യാഖ്യാനത്തിന്റെ ഫലമായി അയാളുടെ മുന്നിൽവച്ചുതന്നെ രാജഭടന്മാർ അയാളുടെ ഇളയ അമ്മാവനായ ക്രുട്ടിനെ പിടിച്ചുകൊണ്ടുപോകുകയും തുടർന്നു വധശിക്ഷയ്ക്കു വിധേയനാക്കുകയും
ചെയ്യുന്നു. സർക്കാരിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാൻ സ്വപ്നങ്ങളുടെ വ്യാഖ്യാനങ്ങളെ കൂട്ടുപിടിക്കുകയാണെന്ന് സംശയിക്കാവുന്ന സംഭവമാണിത്. ഇവിടെ എൻവർ ഹോജയുടെ ഭരണത്തിൻകീഴിലുള്ള തന്റെതന്നെ അവസ്ഥയായിരിക്കണം കദാരെ പറയാൻ ആഗ്രഹിച്ചത്. 1967 മുതൽ 1970 വരെ താൻ ഏകാധിപതിയുടെ നേരിട്ടുള്ള നിരീക്ഷണത്തിലായിരുന്നു എന്ന് അദ്ദേഹം ഒരു അഭിമുഖത്തിൽ പറയുന്നുണ്ട്. സ്വയം ഒരു എഴുത്തുകാരനും കവിയുമായി കരുതിയിരുന്ന ഹോജയ്ക്ക് രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട സാഹിത്യകാരനായ കദാരെയോട് പ്രത്യേക

താത്പര്യമുണ്ടായിരുന്നു. എന്നിരുന്നാലും കദാരെ എല്ലായ്പ്പോഴും ഭരണകൂടത്തിന്റെ നിരീക്ഷണത്തിലുമായിരുന്നു. ഹോജയോട് താൻ ചിലപ്പോഴൊക്കെ മൃദുസമീപനം പുലർത്തിയിരുന്നു എന്ന ആരോപണത്തിന് അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു; 'അത്തരമൊരു സാഹചര്യത്തിൽ എനിക്കു മൂന്നു തിരഞ്ഞെടുപ്പുകൾ ഉണ്ടായിരുന്നു. ഒന്നുകിൽ സ്വന്തം വിശ്വാസങ്ങളുമായി പൊരുത്തപ്പെട്ടു ജീവിക്കുക, അതു ചിലപ്പോൾ മരണത്തിൽ കലാശിച്ചേക്കും. പൂർണ്ണമായി നിശ്ശബ്ദനാകുക എന്നുള്ളതാണ് മറ്റൊരു വഴി, ഒരർത്ഥത്തിൽ അതും മരണസമാനമാനം തന്നെ. മൂന്നാമത്തെവഴിയാണ് ഭരണകൂടത്തിനു കപ്പം കൊടുക്കൽ'.

അൽബേനിയയിൽ തുടരാനായി ചിലപ്പോഴൊക്കെ അദ്ദേഹം ഭരണത്തോടു നയപരമായി ഇടപെട്ടു, മിക്കപ്പോഴും വിമർശിച്ചു. 1975-ൽ, ഭരണകൂടത്തെ ലക്ഷ്യം വച്ചെഴുതിയ 'ദി റെഡ് പാഷ' എന്ന അദ്ദേഹത്തിന്റെ കവിത നിരോധിക്കപ്പെട്ടു. തുടർന്ന് 1977- ൽ കദാരെ എൻവെർ ഹോജയ്ക്ക് അനുകൂലമായ നിലപാടെടുക്കുന്ന 'ദി ലോങ്ങ് വിന്റർ'എന്ന നോവൽ പ്രസിദ്ധീകരിച്ചു. ഒരു രാജ്യത്തിന്റെ സ്വത്വം അവിടുത്തെ ഭാഷയും സാഹിത്യവുമാണെന്നു കദാരെ വിശ്വസിച്ചു. സാഹിത്യം എന്നത് ഓർമ്മപ്പെടുത്തലുകളാണ്. അത്തരം ഓർമ്മകളും ഓർമ്മപെടുത്തലുകളുമില്ലാതെ ഒരു സമൂഹത്തിനു മുന്നോട്ടുപോകാനാവില്ല. ദേശത്തിന്റെ സംസ്കാരത്തിൽ ഭാഷയ്ക്കും സാഹിത്യത്തിനുമുള്ള പ്രാധാന്യം തന്റെ ലേഖനങ്ങളിലും കദാരെ ഊന്നിപ്പറയുന്നുണ്ട്. അൽബേനിയയുടെ ചരിത്രം പുരാതന ഗ്രീസുമായാണ് ബന്ധപ്പെട്ടിരിക്കുന്നതെന്നും അധിനിവേശ ശക്തികളായ ഓട്ടോമൻ, സോവിയറ്റ് യൂനിയൻ, സ്ലാവിക് തുടങ്ങിയവരുമായല്ലെന്നും എസ്കിലസ് അഥവാ വൻ പരാജിതൻ (Aeschylus or the Great Loser) എന്ന ലേഖനത്തിൽ അദ്ദേഹം എഴുതി (Ismail Kadare - The writer and Dictatorship 1957-1990 by Peter Morgan). ആദ്യകാലത്ത് കദാരെയുടെ രചനകളിലെ ഗ്രീക്ക് മിത്തോളജിയുടെ സാന്നിധ്യം കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ നിരീശ്വരവാദത്തെയും ദേശീയതയെയും അമർഷം കൊള്ളിച്ചുവെങ്കിൽ എൻവെർ ഹോജയുടെ കാലശേഷം അത്തരം പ്രമേയങ്ങൾക്കു മറ്റൊരു സാധ്യതകൂടിയുണ്ടായി. അൽബേനിയയുടെ യൂറോപ്യൻ പൈതൃകത്തിലേക്കുള്ള മടങ്ങിപ്പോക്കിനെ സാഹിത്യത്തിലെ ഇത്തരം കാഴ്ചപ്പാടുകളും പങ്കുവയ്ക്കലുകളും സഹായിക്കുമെന്നു കദാരെ കരുതി.

1990-ൽ 'ദി പാലസ് ഓഫ് ഡ്രീംസി'ന്റെ പ്രസിദ്ധീകരണത്തിനായി കദാരെ ഫ്രാൻസിലേക്ക് പോകുകയും അവിടെ രാഷ്ട്രീയ അഭയം നേടുകയും ചെയ്തു. കദാരെ ഫ്രാൻസിലേക്കു കുടിയേറുമ്പോൾ അൽബേനിയ ജനാധിപത്യത്തിനും സ്വേച്ഛാധിപത്യത്തിനും ഇടയിൽ ആടിയുലയുകയായിരുന്നു. രാജ്യം വീണ്ടും സ്വേച്ഛാധിപത്യമാണു തെരഞ്ഞെടുക്കുന്നതെങ്കിൽ താനൊരിക്കലും അൽബേനിയയിലേക്കു മടങ്ങിവരില്ലെന്ന് കദാരെ പറഞ്ഞു. ആ ഭീഷണി ജനാധിപത്യത്തിനായുള്ള പോരാട്ടത്തെ ഉത്തേജിപ്പിച്ചു. അദ്ദേഹത്തിന്റെ പരസ്യപ്രസ്താവന മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയും അൽബേനിയ ജനാധിപത്യത്തിന് അനുകൂലമായി തീരുമാനമെടുക്കുന്നതിന് അതു വലിയപങ്ക് വഹിക്കുകയും ചെയ്തു.

ബുക്കർ പുരസ്കാരം നിലവിൽ വന്ന വർഷമായ 2005-ൽ ചരിത്രത്തിലെ ആദ്യത്തെ അന്തർദ്ദേശീയ ബുക്കർ പുരസ്കാരം കദാരെയ്ക്കു ലഭിച്ചു. സാഹിത്യത്തിനുള്ള സമഗ്രസംഭാവനയ്ക്കായിരുന്നു അത്. 2009-ൽ പ്രിൻസ് ഓഫ് അസ്ചൂറിയസ് (Asturias) പുരസ്കാരം, 2015-ൽ ജെറുസലേം പുരസ്കാരം, 2023-ൽ അന്താരാഷ്ട്ര എഴുത്തിലെ ആജീവനാന്ത സംഭാവനയ്ക്കുള്ള സാഹിത്യത്തിനുള്ള അമേരിക്ക അവാർഡ് തുടങ്ങി നിരവധി ആഗോള പുരസ്കാരങ്ങൾ കദാരെയെ തേടിയെത്തി. നിരവധി തവണ നൊബേൽ പുരസ്കാരത്തിനും അദ്ദേഹം നാമനിർദ്ദേശം ചെയ്യപ്പെട്ടു. ക്രോണിക്കിൾ ഇൻ സ്റ്റോൺ, ബ്രോക്കൻ ഏപ്രിൽ, ദി ത്രീ-ആർച്ഡ് ബ്രിഡ്ജ്, ദി ഫയൽ ഓൺ എച്ച്, ദി സക്സെസ്സർ തുടങ്ങി അദ്ദേഹത്തിന്റെ ഇരുപതിലധികം നോവലുകൾ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഒട്ടനവധി നോവലുകളും കവിതകളും ലേഖനങ്ങളും ചെറുകഥ സമാഹാരങ്ങളും എഴുതിയിട്ടുള്ള കദാരെയുടെ അനേകം കൃതികൾ ഇനിയും ഇംഗ്ലീഷിലേക്കു മൊഴിമാറ്റം ചെയ്യപ്പെടാനിരിക്കുന്നു. കദാരെയുടെ 'ദി ഡിക്റ്റേറ്റർ കാൾസ്' എന്ന നോവൽ 2024 - ലെ അന്താരാഷ്ട്ര ബുക്കർ പുരസ്കാരത്തിനു നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്നു.

ഏകാധിപത്യഭരണകൂടത്തിൻകീഴിൽ മറ്റുരാജ്യങ്ങളിലെ സാഹിത്യകാരന്മാർ തങ്ങളുടെ രചനകളെ രഹസ്യമായി ജനങ്ങളിലേക്കെത്തിക്കാൻ ശ്രമിച്ചപ്പോൾ കദാരെയുടെ കൃതികൾ സർക്കാർ മേൽനോട്ടത്തിലുള്ള പ്രസിദ്ധീകരണശാലകൾ പ്രസിദ്ധീകരിക്കുകയും അവയിൽ ഒട്ടനവധി രചനകൾ വിദേശഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെടുകയും ചെയ്തു. സാഹിത്യകാരന്റെ

ബാഹ്യസ്വാതന്ത്ര്യമല്ല ആന്തരിക സ്വാതന്ത്ര്യമാണ് പ്രധാനം എന്നാണ് ഇതേപ്പറ്റി കദാരെ അഭിപ്രായപ്പെട്ടത്.

(ജൂലൈ 22 ലക്കം മാധ്യമം വാരികയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽനിന്ന്)



---




# ബാല്യം

കോളാമ്പിപ്പൂവിനുള്ളിൽ നിന്നാണ്
ആ കുഞ്ഞിറങ്ങി വന്നത്.

പല വിധ പ്രാരാബ്ധങ്ങളെക്കുഴച്ചുണ്ട്
മധ്യാഹ്ന വെയിൽക്കടുപ്പത്തിൽ
ക്ഷീണിച്ചു
മയങ്ങിയുണരുമ്പോളവൾ
എന്റെ
മുന്നിൽ നിൽക്കുന്നു.

അവൾക്ക്
എന്റെ ബാല്യത്തിന്റെ
മുഖമായിരുന്നു.

തലയിൽ
ഞാൻ ചുറ്റി നടന്നിരുന്ന
ചെത്തിക്കാടേറ്റിയിരുന്നു.

കൈയ്യിൽ,
മധുരമൂറും ചെത്തിപ്പഴങ്ങൾ.

കാലിൽ,
പാലൈസു മണിയൊച്ചകൾ.

ഞാനവളെ സൂക്ഷിച്ചു നോക്കി.

കണ്ണിൽ കല്ലിച്ചു കിടക്കുന്ന
ഏകാന്തത!

മുഖത്ത്,
ആരുമില്ലെന്നൊരു തോന്നൽ
മാറാല കെട്ടിയിരുന്നു.
അകമേ മുറിഞ്ഞവൾ,
പുറമേ ഉറഞ്ഞവൾ.

ഞാനവളെ മടിയിലിരുത്തി.
മുറുക്കെ കെട്ടിപ്പിടിച്ചു.
'പോട്ടെ പോട്ടെ' യെന്നു തലോടി.

വളർന്നിരുന്നുവെങ്കിലുമവളപ്പോൾ
വിരൽ ചപ്പി.
ഞാൻ പ്രസവിച്ച കുഞ്ഞെന്ന പോൽ
ചുരുണ്ടിരുന്നു.
എനിക്കപ്പോൾ പറയണമെന്നു തോന്നി;
കുഞ്ഞേ,
ഇന്നുള്ള
എന്നെ പ്രസവിച്ചത്
നീയല്ലെങ്കിൽ പിന്നെയാരാണ്?

അവൾ എന്റെ മടിയിലിരുന്നുറങ്ങി.

കോളാമ്പിപ്പൂവിന്റെ
ആകൃതിയിലുള്ള
എന്റെ ജീവിതത്തിനുള്ളിലേക്ക്
ഞാനവളെ എടുത്തു കിടത്തി.



സവിന



കഥ



# അഷ്റഫും ബുദ്ധനും



**വിജയകൃഷ്ണൻ തെക്കേമക്കാടത്ത്**

'അച്ഛാ, ഇവരെക്കാണാൻ എന്തൊരു ഭംഗിയാണ്!'

പാതി മലയാളത്തിലും പാതി ഇംഗ്ലീഷിലുമായി പന്ത്രണ്ടുകാരി മകളുടെ ആശ്ചര്യംകലർന്ന ചോദ്യംകേട്ട് ഉണ്ണികൃഷ്ണൻ ഒരുനിമിഷം ഞെട്ടി. പതിന്നാലാംനിലയിലെ ഫ്ളാറ്റിലെ അറുപത്തിയഞ്ച് ഇഞ്ചിൽ 'കർവ്ഡ്' എന്നറിയപ്പെടുന്ന നടുവളഞ്ഞ ടിവിയിൽ കറുപ്പിലും വെളുപ്പിലും തെളിഞ്ഞും മങ്ങിയും സ്വപ്നസുന്ദരി ജയഭാരതി വിടർന്നകണ്ണുകളും അഴിഞ്ഞ സമൃദ്ധമായ മുടിയുമായി പഴങ്കഥകളിലെ അപ്സരകന്യകയെപ്പോലെ നിറഞ്ഞുനിന്നു.

'വെണ്ണതോൽക്കുമുടലോടെ ' എന്ന് തുടങ്ങുന്ന വയലാർദേവരാജൻ ഗാനം ദാസേട്ടന്റെ സ്വരത്തിന് മാറ്റുകൂട്ടുന്ന ദൃശ്യഭംഗിയോടെ പാതിയുംതാണ്ടി 'എന്റെ ദാഹം തീരുംവരെ നീയെന്നിൽ വന്നുനിറയൂ'വിൽ എത്തിനിൽക്കുകയായിരുന്നു. ഏതോ പഴയ കലാകാരൻ സ്റ്റുഡിയോയിൽ കൃത്രിമമായി സൃഷ്ടിച്ച നിലാവെളിച്ചത്തിൽ മുഖത്തിന്റെ ഒരുവശത്ത് വെളിച്ചവും മറുവശത്ത് നിഴലുമായി ജയഭാരതി കൈകൾകെട്ടി വിഷാദഭാവത്തിൽ മരം ചാരിനിന്നു ചിത്രം 'ഒരു സുന്ദരിയുടെ കഥ'.

യൂട്യൂബിന്റെ പ്രോഗ്രാംചെയ്യപ്പെട്ട ഓർമ്മത്താളുകൾ ഉണ്ണിയുടെ മനസ്സ് കണ്ടറിഞ്ഞെന്നപോലെ "സന്ധ്യമയങ്ങും നേരം, ഗ്രാമചന്തപിരിയും നേരം' കണ്ടെടുത്തു പ്ലേചെയ്ത് തുടങ്ങുമ്പോൾ ഉണ്ണിയുടെ ചിന്തകൾ മഞ്ഞയും നീലയും നിറങ്ങൾ പേറിനിൽക്കുന്ന വൻനഗരത്തിലെ ഫ്ളാറ്റ്സമുച്ചയങ്ങളും ആറുവരികളിൽ വാഹനങ്ങളൊഴുകുന്ന എക്സ്പ്രസ്സ് വേ റോഡും കടന്ന് മൂന്നു പതിറ്റാണ്ടുകൾക്കപ്പുറത്തേക്ക്, പാലക്കാട് ബോധിമലനിരകൾക്ക് താഴെയുള്ള തന്റെ കോളേജിനെയും ആത്മസുഹൃത്ത് അഷ്റഫിനെയും തേടി യാത്രതിരിക്കുകയായിരുന്നു.

അഷ്റഫിനെക്കുറിച്ചോർക്കുമ്പോൾ സെലീനയെക്കുറിച്ചോർക്കാതിരിക്കാൻ വയ്യല്ലോ; വിദ്യാർത്ഥിസമരങ്ങൾ ചുവപ്പും വെളുപ്പും കൊടികൾക്ക് താഴെ കാഹളംമുഴക്കിയ ഒരു കാലഘട്ടത്തെക്കുറിച്ചും.

സുന്ദരനായിരുന്നു അഷ്റഫ്. വെളുത്തനിറവും നുണക്കുഴിയുള്ള കവിളുകളും പൊടിമീശയും സ്ത്രൈണത തോന്നിക്കുന്ന ശരീരവും നടത്തവും ആരെയും ആകർഷിക്കുന്ന സംസാരവും ശരീരത്തിനു ചേരാത്ത ഉറച്ചശബ്ദവുമായി ആൺപെൺ വ്യത്യാസമില്ലാതെ ഒരു മനുഷ്യകാന്തം പോലെ സുഹൃത്തുക്കളെ തന്നിലേക്കാകർഷിക്കുന്ന സഖാവ് അഷ്റഫ്.

'ഉണ്ണീ, നിനക്കറിയാമോ, 'ചന്ത' എന്നവാക്ക് വരിയിൽ നിന്നും മാറ്റാൻ വയലാറിനോട് മറ്റുള്ളവർ ആവശ്യപ്പെട്ടു; നിങ്ങൾ വേറെയേതെങ്കിലും വാക്ക് കണ്ടു പിടിച്ചുവെച്ചോളാൻ വയലാർ പറഞ്ഞത്രേ, ആ വരിക്ക് ചേരുന്ന മറ്റൊരു വാക്ക് കണ്ടു പിടിക്കാനാവാതെ മറ്റുള്ളവർ പിന്തിരിഞ്ഞു എന്നാണ് കഥ.' ഹോസ്റ്റലിന്റെ ടെറസിൽ നാഷണൽ പാനാസോണിക് ടേപ്റെക്കോർഡറിൽ പഴയ മലയാളഗാനങ്ങൾ കേട്ട് സിഗററ്റ് പുകച്ചുകൊണ്ട് അഷ്റഫ് പറഞ്ഞു. ഒരു ശനിയാഴ്ചയായിരുന്നു അന്ന്. ഉണ്ണി അഷ്റഫിനെ ആദ്യമായി കാണുന്നതും അന്നു തന്നെ.

'ജയഭാരതി മലയാള സിനിമ കണ്ടതിൽവെച്ചേറ്റവും സുന്ദരിയായിരുന്നു', പാതി ആത്മഗതമായി അഷ്റഫ് പറഞ്ഞത് എന്തിനെന്ന് ഉണ്ണിക്ക് മനസ്സിലായില്ല. അഷ്റഫിന്റെ കാസ്സറ്റ്കളക്ഷൻ മിക്കതും ജയഭാരതിയുടെ പഴയകാലഗാനങ്ങളാണെന്ന് ഉണ്ണി പിന്നീടാണ്

അറിയുന്നത്. ആ ഗാനങ്ങൾ അതിനിടെ മനസ്സിലുറച്ചുപോയതു കാരണം അഷ്റഫിന്റെ പാത സ്വീകരിച്ചു ഉണ്ണിയും ജയഭാരതിയുടെ ആരാധകനായി മാറുകയായിരുന്നു.

തൊണ്ണൂറുകളുടെ ആദ്യപാദങ്ങളിലാണ് ഉണ്ണി എൻട്രസ് പരീക്ഷ എന്ന കടമ്പകടന്ന് എഞ്ചിനീയറിംഗ് കോളേജിൽ എത്തുന്നത്. രണ്ടുവശത്തും നെല്ല് വിളഞ്ഞുനിൽക്കുന്ന പാടപ്പരപ്പുകളും മുള്ളുവേലികൾകെട്ടിവേർതിരിച്ചകർഷകഭവനങ്ങളുംതാണ്ടികോളേജിലേക്ക് നടന്നെത്തുമ്പോൾ കോളേജിനു പിന്നിൽ ബോധിമലനിരകളുടെ ഭാഗമായ ഒരു പാറക്കുന്ന് വളർന്നുവരുന്നത് കാണാം. അടുത്തെത്തുമ്പോൾ മാത്രം വലിപ്പംതിരിച്ചറിയുന്ന മഹാത്മാക്കളെപ്പോലെ ലക്ഷംവർഷങ്ങൾ കൊണ്ടു പ്രകൃതി സൃഷ്ടിച്ച ആ കറുപ്പുഭീമൻ തലമുറകളായി അനസ്യൂതം തുടരുന്ന താഴ്വാര മനുഷ്യരുടെ ഉയർച്ചതാഴ്ചകൾ കണ്ടു വൈരാഗ്യഭാവത്തിൽ നിലകൊണ്ടു.

കുന്നിനു പടിഞ്ഞാറ് ബോധികാടുകളാണ്. കാടിനു താഴെ തെക്കൻക്രിസ്ത്യാനികൾ കാടുവെട്ടി കൃഷി ചെയ്യുന്ന ഭൂവിടങ്ങൾ. അവിടേക്ക് കാടിന്റെ മക്കൾ ഇടയ്ക്കിടെ മലയിറങ്ങി വരാറുണ്ടായിരുന്നു. കുന്നിനുമുകളിൽ ഒരു വലിയ ഉരുളൻപാറ താഴെനിന്നും നോക്കിയാൽ കാണാം. അതിന്റെ പേര് ആദ്യമായി കേട്ടപ്പോൾ ഉണ്ണിക്ക് ചിരിവന്നു 'നിപ്പിൾ പോയിന്റ്'. പിന്നീടതു തന്റെ വാമൊഴിയുടെ ഭാഗമായി മാറി.

കോളേജു ഹോസ്റ്റലിൽ ഒഴിവില്ലാതിരുന്നതു കാരണം ഉണ്ണി എത്തിപ്പെട്ടത് കോളേജിൽ നിന്നും ഒരു കിലോമീറ്റർ അകലെ റെയിൽവേസ്റ്റേഷനും ബോധിക്കുമിടയിലെ, 'L' ആകൃതിയിൽ, ഒരുമുറിയിൽ നാലുപേർക്ക് കഷ്ടിച്ച് കഴിയാവുന്ന പന്ത്രണ്ടുമുറികളുള്ള ഒരു സ്വകാര്യഹോസ്റ്റലിലായിരുന്നു. സ്വാമി എന്നുവിളിക്കുന്ന എൺപതോളം വയസ്സുള്ള ഒരു വൃദ്ധനായിരുന്നു വാർഡൻ. വിദ്യാർത്ഥികളെക്കൂടാതെ കണ്ണേട്ടൻ എന്ന പാചക്കാരനും അവിടെ അന്തേവാസിയായുണ്ടായിരുന്നു.

ഹോസ്റ്റലിന് ഇടതുവശം ഒരു ഹൈസ്കൂളാണ്. പൊട്ടിപ്പൊളിഞ്ഞ കെട്ടിടത്തിൽ വിദ്യാദേവതയുടെ പേരുംപേറിനിന്ന സ്കൂൾ. വിദ്യ ഒഴികെ ബാക്കിയെല്ലാം അവിടെ കിട്ടുമെന്ന് അഷ്റഫ് കളിയായി പറയുന്ന സ്കൂൾ. ഹോസ്റ്റലിനു മുന്നിൽ സ്കൂൾമൈതാനമാണ്. മൈതാനത്തിനു മറുകരെ ഭൂമിയണ്ണൻ നടത്തുന്ന ഒരു ചെറിയ പെട്ടിക്കട.
രണ്ടു നിലയുള്ള ഹോസ്റ്റലിന്റെ രണ്ടാംനിലയുടെ ഒരുഭാഗം തുറന്ന ടെറസാണ്. അവിടെ മൈതാനത്തിന് അഭിമുഖമായിരുന്നാണ് അഷ്റഫ് ഉണ്ണിയോട് ജയഭാരതിയെക്കുറിച്ചും അവരുടെ സൗന്ദര്യത്തെക്കുറിച്ചും ഒരു ശനിയാഴ്ച സന്ധ്യാനേരം സംസാരിച്ചത്.

അഷ്റഫിന്റെ മനോധൈര്യം ഉണ്ണി തിരിച്ചറിയുന്നത് ഹോസ്റ്റലിനു പിന്നിലെ വീട്ടിൽനടന്ന ഒരു ദുരന്തസംഭവത്തോടെയാണ്. അവർ അവിടെ താമസം തുടങ്ങി മൂന്നുമാസങ്ങൾ ആയിക്കാണും. ഒരു ഞായർദിവസം രാവിലെ പ്രാതൽ കഴിച്ചു കൊണ്ടിരുന്ന ഹോസ്റ്റൽ അന്തേവാസികൾ ആൾക്കൂട്ടത്തിന്റെ ബഹളം കേട്ടാണ് ഹോസ്റ്റലിനു പിന്നിലേക്കോടിയെത്തിയത്. ഹോസ്റ്റലിനു പിന്നിലെ അഞ്ചോ ആറോ സെന്റിൽ പണിത വലിയ പഴക്കമില്ലാത്ത വീടിനു ചുറ്റും ആളുകൾ കൂട്ടംകൂടിനിൽക്കുന്നു. പൂട്ടിയിട്ട ജനലിൽ മുഖംമുട്ടിച്ചുനോക്കിയപ്പോൾ വീട്ടിനുള്ളിൽ ഒരു സ്ത്രീശരീരത്തിൽ തീയാളുന്ന കാഴ്ച. വാതിലുകളും ജനലുകളും ഉള്ളിൽ നിന്നും പൂട്ടിയിരുന്നു.

അടുത്ത നിമിഷം അഷ്റഫിനെ കാണാനില്ല. മിനുറ്റുകൾക്കകം വീടിന്റെ വാതിൽ ഉള്ളിൽനിന്നും തുറക്കപ്പെട്ടു. കറുത്തപുക, കത്തിയ മനുഷ്യശരീരത്തിന്റെ മണവും പേറി ഹുങ്കാരത്തോടെ വാതിലിലൂടെ പുറത്തേക്ക് കുതിച്ചിറങ്ങി. എൺപതു ശതമാനവും പൊള്ളലേറ്റ ഒരു സ്ത്രീശരീരം കൈകാൽ മുട്ടുകൾ മടക്കി വെച്ച നിലയിൽ തറയിൽ കിടക്കുന്നു. ആ ശരീരം പോലീസിന് അവസാനമൊഴി കൊടുത്തു... തന്റെ മരണത്തിൽ ആരും ഉത്തരവാദികളല്ല.

അഷ്റഫ് വീടിനുപിന്നിലെ കിണർവഴി ടെറസ്സിലേക്കു കയറി മുകളിലെ വാതിൽ ചവിട്ടിപ്പൊളിച്ച് വീട്ടിലേക്കിറങ്ങിയാണ് താഴത്തെ വാതിൽ തുറന്നത്. 'പ്രണയ നൈരാശ്യം തന്നെ കാരണം. ആ പെൺകുട്ടിയെ ഒരാൾ ചതിച്ചതാണ്." ദുഖവും ദേഷ്യവും അവജ്ഞയും പേരില്ലാത്ത മറ്റു പലവികാരങ്ങളും ചേർന്ന് അഷ്റഫിന്റെ മുഖം ചുവന്നു.

'പ്രണയം, മണ്ണാങ്കട്ട. മനുഷ്യൻ ഇത്രക്ക് ദുർബലനാകരുത്. ലോകത്തിൽ മനുഷ്യൻ എന്തൊക്കെ ബുദ്ധിമുട്ടുകളനുഭവിക്കുന്നെന്നു നിനക്കറിയാമോ? ആഫ്രിക്കയിൽ റുവാണ്ടയിലും ബറുണ്ടിയിലും കറുത്തമനുഷ്യരുടെ കുരുതി നടക്കുന്നതിനെപ്പറ്റി പത്രത്തിന്റെ അവസാനത്തെ പേജിലെ ഒരു മൂലക്ക് വാർത്ത നീ കണ്ടില്ലേ ? മരിച്ചവൻ വെളുത്തവനാണെങ്കിൽ വെണ്ടക്ക അക്ഷരത്തിൽ വാർത്ത കാണാം. പാർശ്വവൽക്കരിക്കപ്പെട്ടവന്റെ ശബ്ദവും ശക്തിയുമാകാനാണെനിക്കിഷ്ടം. അവിടെ പ്രണയ

ത്തിനും ദുർബലവികാരങ്ങൾക്കും പ്രവേശനമില്ല. അതുകൊണ്ടാണ് ഞാൻ സഖാവായതും'.

'നീ ഈ പാട്ട് കേട്ടിട്ടുണ്ടോ? നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന സിനിമയിലെ പാട്ടാണ്. ഇതിൽ ഗായകർ ഒരുമിച്ചുപാടുന്ന ഭാഗം ശ്രദ്ധിച്ചിട്ടുണ്ടോ?'
അഷ്റഫ് ടേപ്പ് റെക്കോർഡറിന്റെ ശബ്ദം കൂട്ടി. 'ഉദിക്കുമ്പോൾ ചുവക്കുന്ന മാനത്ത് ഉലയൂതി തീ പടർത്തണ കൊല്ലത്തി, പടിഞ്ഞാറേ കടലിന്റെ മിറ്റത്ത് കൊടുങ്കാറ്റിൻ പങ്കതീർത്തൊരു കൊല്ലത്തി'.
'അങ്ങനെയുള്ള സ്ത്രീകളെയാണ് എനിക്കിഷ്ടം. അല്ലാതെ പ്രണയസ്വപ്നങ്ങളും കണ്ണിലെഴുതി നമ്രമുഖികളായി നിൽക്കുന്ന ദുർബല ഹൃദയകളെയല്ല'.
സിഗരറ്റു തീർന്നതു കാരണം കണ്ണേട്ടന്റെയടുത്തു നിന്നും ഒരു ബീഡിവാങ്ങിവലിച്ചു പുകവിട്ടുകൊണ്ടു അഷ്റഫ് പ്രഖ്യാപിച്ചു.

രണ്ടു വർഷം കൊണ്ടുതന്നെ എഞ്ചിനീയറിംഗ്പഠനമടുത്ത ഉണ്ണി ഇടക്കു കുറച്ചുനാൾ ആത്മീയമാർഗം പരീക്ഷിച്ചിരുന്നു. ഹൈസ്കൂൾമൈതാനവും ഭൂമിയണ്ണന്റെ കടയും കഴിഞ്ഞു മുന്നോട്ടുപോയാൽ പാടത്തിനും ഒരു ചെറിയ കുളത്തിനും നടുവിൽക്കൂടി കടന്നുപോകുന്ന ഒരു വരമ്പാണ്. ആ വരമ്പ് ചെന്നു മുട്ടുന്ന മൺറോഡിന്റെ ഇടതുവശത്തായി ഒരു മഠമുണ്ട്. അവിടെയുണ്ടായിരുന്ന ഒരു സന്യാസി, ഉണ്ണിക്ക് കുറച്ചു യോഗയും ധ്യാനവുമൊക്കെ പഠിപ്പിച്ചു കൊടുത്തു.

ഒരിക്കൽ ഹോസ്റ്റലിലെ തറയിൽ വിരി വിരിച്ചു യോഗചെയ്തുകൊണ്ടിരുന്ന ഉണ്ണിയെ അഷ്റഫ് വലിച്ചെഴുന്നേല്പിച്ചു. 'എടാ നീ കാണുന്ന ആ സന്യാസിയെക്കുറിച്ച് ഞാൻ അന്വേഷിച്ചു. തലയോട്ടിയും ശൂലവുമൊക്കെയായി ചുടലയിൽ നൃത്തംചെയ്യുന്ന വിഭാഗമാണവർ. നീ വെറുതെ ഓരോന്നിൽ പോയി പെടേണ്ട'. അതു സത്യമാണെന്നു പിന്നീട് തെളിഞ്ഞു. പുരുലിയയിൽ ആയുധം കടത്തിയ സംഭവത്തിനു ശേഷം ആ സന്യാസി മഠത്തിൽനിന്നും അപ്രത്യക്ഷനായി.

'എനിക്കീ ആത്മീയതയോട് ഒരു താൽപ്പര്യവുമില്ല. എനിക്കും വൈരാഗ്യമുണ്ട്, പക്ഷെ ആത്മീയവാദികളുടെ സംസ്കൃതത്തിലെ വൈരാഗ്യം പോലെയല്ല. എന്റേതു പച്ചമലയാളത്തിലെ വൈരാഗ്യം ഈ ലോകത്തിലെ അനീതിയോടും അസമത്വത്തോടുമുള്ള പക ... അന്ധവിശ്വാസങ്ങളോടും '.

'ദുഖവും രോഗവും വാർദ്ധക്യവും ദാരിദ്ര്യവും മരണവും കണ്ട സിദ്ധാർത്ഥ ഗൗതമൻ ദുരിതങ്ങളുടെ മൂലകാരണം അറ്റാച്മെൻറ് ആണെന്ന് കണ്ടെത്തി. നിനക്കറിയാമോ, ഇന്നലെ ഇവിടെ അടുത്തുള്ള കാർഷികകുടുംബത്തിലെ ഒരു ചെറിയ പെൺകുട്ടി പാമ്പുകടിയേറ്റു മരിച്ചു. ഏത് അറ്റാച്മെന്റാണ് അവളുടെയും അവളുടെ കുടുംബത്തിന്റെയും ദുര്യോഗത്തിനു കാരണം? നാം ശരീരമല്ലെന്നു വിശ്വസിക്കാൻ ഞാനില്ല. താനൊറ്റയിൽ ബ്രഹ്മപദം കൊതിക്കുന്നവന്റെ ചാരിതാർഥ്യം എനിക്ക് വേണ്ട.'
"നമ്മുടെ കോളേജിൽ നിന്നും മലയിലേക്കു പോകുന്നവഴിയിൽ ഒരു ചുടുകാടും അതിനു പിന്നിൽ ഒരു പറങ്കിമാവിൻകാടുമുണ്ട്. കുറെ പനകളും. ആ കാട്ടിൽ കുറെ ദുർമരണങ്ങൾ നടന്നിട്ടുണ്ടെന്നും അവിടെ ഗതികിട്ടാപ്രേതങ്ങൾ സന്ധ്യക്കും രാത്രിയും അലഞ്ഞുതിരിഞ്ഞു നടക്കാറുണ്ടെന്നുമാണ് അന്ധവിശ്വാസികളായ ജനം പറയുന്നത്. ഞാൻ ഒരു ദിവസം സന്ധ്യകഴിഞ്ഞു അവിടെ നടക്കാൻ പോയി. നല്ല നിലാവുള്ള ദിവസം. എവിടെയോ മുല്ല പൂത്ത മണമായിരുന്നു. ചുടുകാട്ടിൽ ചില ചിതകളും എരിയുന്നുണ്ട്. പക്ഷെ ഒരു പ്രേതത്തിനെയും ഞാൻ അവിടെ കണ്ടില്ല. ഏതോ കള്ളുകഞ്ചാവ് കടത്തുകാർ പറഞ്ഞു പരത്തിയ കഥയാകാം."

"നിങ്ങളൊക്കെ നിപ്പിൾ പോയിന്റ് എന്ന് വിളിക്കുന്ന കുന്നും പാറയുമില്ലേ? എനിക്ക് അത് ബുദ്ധന്റെ തലയായിട്ടാണ് തോന്നുന്നത്. കടകളിലൊക്കെ കാണുന്ന ധ്യാനഭാവം പൂണ്ട ബുദ്ധശിരസ്സിന്റെ വലിയ പതിപ്പ്. എനിക്ക് അതിനെ ജയിച്ചേ തീരൂ." അഷ്റഫ് എന്താണുദ്ദേശിച്ചതെന്ന് അന്ന് ഉണ്ണിക്ക് മനസ്സിലായില്ല.

ഒരു വർഷംകൂടി കഴിഞ്ഞാണു സ്വാശ്രയകോളേജ് സമരം ചൂടുപിടിക്കുന്നത്. സമരക്കാർ പാലക്കാട് ബസ്സ്റ്റാൻഡിൽ ഒരു റിലേ നിരാഹാരം സംഘടിപ്പിച്ചിരുന്നു. അഷ്റഫിനായിരുന്നു അതിന്റെ ചുമതല. അഷ്റഫിന്റെ നിർബന്ധത്തിനു വഴങ്ങി ഉണ്ണിയും ഒരു ദിവസം നിരാഹാരം കിടന്നു. അവിടെവച്ചാണ് ഉണ്ണി സലീനയെ ആദ്യമായി കാണുന്നത്. അവളുടെ മുടിയും കണ്ണുകളും ഭാവങ്ങളും കണ്ട് ഉണ്ണി അമ്പരന്നു. പൂർണ്ണമായല്ലെങ്കിലും ചില വശങ്ങളിൽ നിന്നും നോക്കുമ്പോൾ ജയഭാരതിയുടെ കണ്ണുകൾ, ഇടതൂർന്ന മുടി, ചലനങ്ങൾ, ഭാവങ്ങൾ. അഷ്റഫിന്റെയും സലീനയുടെയും കണ്ണുകൾ പരസ്പരം ഇടയുന്നതും ചിരിക്കുന്നതും ഉണ്ണി ശ്രദ്ധിച്ചു.

'നീയും ദുർബലനാണല്ലേ?' ഉണ്ണി ചിരിച്ചു.
'എടാ, ഉമ്മയും വാപ്പയും പിരിഞ്ഞശേഷം ഞാൻ ഒറ്റപ്പാലത്ത് വലിയുമ്മയുടെ കൂടെയായിരുന്നു. പിന്നീട് എളാപ്പയുടെ വീട്ടിൽതാമസിച്ച് ഫറൂഖ്

കോളേജിൽ പ്രീഡിഗ്രി പഠിക്കുമ്പോളാണ് സലീനയെ കാണുന്നതും പരിചയപ്പെടുന്നതും. അവൾ ഇപ്പോൾ വിക്ടോറിയയിലാണ് ', അഷ്‌റഫ് സത്യം പറഞ്ഞു.
' പക്ഷേ അവൾ ദുർബലയാണെന്നു തെറ്റിദ്ധരിക്കണ്ട. യാഥാസ്ഥിക കുടുംബത്തിലാണവൾ വളർന്നത്. അവരെ ധിക്കരിച്ച് അവർ നിശ്ചയിച്ച വിവാഹം ഉപേക്ഷിച്ചാണ് ഇവിടെയെത്തിയത്. അവളുടെ ചില വിനും കൂടിയാണ് ഞാൻ ട്യൂഷൻ എടുക്കുന്നത്'.

അന്ന് 'നിന്റെ മിഴിയിൽ നീലോല്പലം' സമരപ്പന്തലിൽ പലവട്ടം മുഴങ്ങിക്കേട്ടു.

എഞ്ചിനീറിങ് അവസാനവർഷം ഒരു അവധിദിവസം രാവിലെയാണ് ആ വാർത്ത ഹോസ്റ്റലിലെത്തിയത്. അഷ്‌റഫും കൂടെ നാലുപേരും നിപ്പിൾ പോയിന്റ് ലക്ഷ്യ മാക്കി മുകളിലേക്ക് കയറിയെന്നും അവർ മഴക്കാലത്ത് ചെറിയ വെള്ളച്ചാട്ടങ്ങളായി രൂപാന്തരപ്പെടാറുള്ള ഏറ്റവും ചെങ്കുത്തായ വഴിയെയാണ് പോയതെന്നും അതിൽ ഒരാൾ വീണുപോയെന്നും ആയിരുന്നു ഹോസ്റ്റലിലെത്തിയ വാർത്ത. ഉണ്ണി മലയടിവാരത്തേക്ക് ആരുടെയോ സൈക്കിൾ എടു ത്ത് കുതിച്ചു. അവിടെ വലിയ ആൾക്കൂട്ടമായിരുന്നു, ഫയർ ഫോഴ്സും എത്തിയിരുന്നു.
'അഷ്‌റഫ് വീണെന്നാ കേട്ടത്, അവന്റെ അടുത്ത് ആർക്കും എത്താൻ കഴിഞ്ഞിട്ടില്ല'.
രാമൻ എന്നു വിളിക്കുന്ന സുഹൃത്ത് രാമചന്ദ്രൻ പറഞ്ഞതു കേട്ട് ഉണ്ണി തരിച്ചുനിന്നു.

വൈകീട്ടാണ് അഷ്‌റഫിന്റെ അടുത്തേക്ക് അവിടുത്തെ ആദിവാസിയുവാക്കൾ എത്തുന്നത്. ഫയർ ഫോഴ്സിന് അവിടെ എത്താൻ കഴിയാതിരുന്നതു കാരണം അവർ ആ പ്രദേശവാസികളായ ആദിവാസികളുടെ സഹായം തേടുകയായിരുന്നു. അവർ കുറെ മരക്ഷ ണങ്ങൾ വള്ളി കൊണ്ടുചേർത്തു കെട്ടി അഷ്‌റഫിനെ, അല്ല, അവന്റെ നീലിച്ച തണുത്ത ശരീരത്തെ അതിൽ കിടത്തി താഴെ എത്തിച്ചു.

ഒരു മറ്റഡോർ ആംബുലൻസും കോളേജു ബസിൽ ഒരു പറ്റം വിദ്യാർത്ഥികളുമായി അവർ ഒറ്റപ്പാലത്തെ ഒരു കുഗ്രാമത്തിൽ വഴിയവസാനിക്കുന്നിടത്തിറ ങ്ങി അഷ്‌റഫിന്റെ ശരീരവുമായി പാടങ്ങളും വാ ഴത്തോപ്പുകളും കടന്ന് അവന്റെ ചെറിയ വീട്ടിലെത്തി. വലിയുമ്മ തലയും നെഞ്ചും തല്ലിക്കരഞ്ഞ ആ ദിവ സം ഉണ്ണിയുടെ ഓർമ്മയിൽ ഇന്നുമുണ്ട്. വഴിപിരി ഞ്ഞു പോയ വാപ്പയും ഉമ്മയും അവിടെ കണ്ണീർതുട ച്ചുകൊണ്ടു നിന്നതും.

സലീനയെവിടെ? ഉണ്ണിയുടെ കണ്ണുകൾ അവിടെ യെല്ലാം തിരഞ്ഞു. പള്ളിയിൽ പോകാത്ത അഷ്‌റഫ് അടുത്തുള്ള പള്ളി ഖബറിസ്ഥാനിലേക്ക് യാത്രയാകുംവരെ സലീനയെ അവിടെയെങ്ങും കണ്ടില്ല. അവൾ അറിഞ്ഞു കാണില്ലേ?

മറവി... കാലം മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും തന്ന വലിയൊരനുഗ്രഹമാണ്. ഏതു കൊടിയ സങ്കട വും മറവിയുടെ കൈകളാൽ തഴുകി മയപ്പെടുത്താൻ കാലത്തിനു കഴിയുന്നു.

ജോലിയും പ്രാരാബ്ധവും പ്രവാസവും കുടുംബവുമൊ ക്കെയായി സുഹൃത്തുക്കൾ പല വഴി പിരിഞ്ഞു. അഷ്‌റഫ് ഓർമ്മയുടെയും മറവിയുടെയും അതിർവ രമ്പിലെവിടെയോ വെള്ള പുതച്ചു കിടന്നു.

സൗഹൃദത്തിന്റെ കാൽനൂറ്റാണ്ടു പിന്നിട്ട ഒരു ജൂലൈ മാസത്തിലാണ് അഞ്ചുവർഷം മുൻപ് അവർ വീണ്ടും ഒരുമിക്കുന്നത്. തങ്ങളുടെ സമൂഹമാധ്യമ കൂട്ടായ്മക ളിൽ നിന്നും വിട്ടുനിന്ന ഒരു സുഹൃത്തിനെ ഉണ്ണി അന്ന് കണ്ടു. മലമ്പുഴക്കടുത്തു സ്ഥിരതാമസമാക്കിയ അയാളോട് ഉണ്ണി സലീനയെപ്പറ്റി അന്വേഷിച്ചു. അഷ്‌റഫിന്റെയും സലീനയുടെയും പ്രണയത്തെക്കു റിച്ചറിയാവുന്ന വളരെചുരുക്കം ചിലരിൽ ഒരാളായിരു ന്നു അയാൾ.

'സലീന, നമ്മൾ കോളേജിൽ നിന്നും
പോയി രണ്ടുവർഷങ്ങൾ കഴിഞ്ഞ് മലക്ക് താഴെയുള്ള പറങ്കിമാവിൻകാട്ടിൽ...' അയാൾ മുഴുമിച്ചില്ല. 'കുറച്ചു ദിവസങ്ങൾ കഴിഞ്ഞാണ് അറിഞ്ഞത്'.

"അല്ലെങ്കിലും സലീനയായിരുന്നു അവന്റെ ശക്തി". 'മുല്ലപൂത്ത മണമിയലും മുത്തുമണിചന്ദ്രികയിൽ, നി ൻ കൊലുസ്സിൻ കിങ്ങിണികൾ ഇന്നെന്തേ കിലുങ്ങി യില്ല!' ബോധിമലനിരകളിലെവിടെയോ അഷ്‌റഫിന്റെ നാഷണൽ പാനസോണിക്ക് വീണ്ടും പാടുന്നുണ്ടോ? ബുദ്ധശിരസ്സുരുമ്മി കടന്നുപോയ വെളുത്ത മേഘ ശകലത്തിനുപിന്നിൽ അഷ്‌റഫിന്റെ മുഖം തെളിയു ന്നുണ്ടോ?

ഉണ്ണിയുടെ കണ്ണുകൾ ബോധിമലനിരകളിലേക്കും മലകൾക്കുമപ്പുറം കർമ്മത്തിന്റെയും ജ്ഞാനത്തി ന്റെയും വഴികൾ സംഗമിക്കുന്ന അനന്തതയിലേക്കു മുയർന്നു.

**സമർപ്പണം: ധോണിമലയിൽ ഞങ്ങൾക്ക് നഷ്ടപ്പെട്ട പ്രിയസഹപാഠി സുഭാഷിന്**

ലേഖനം

# കുമാരനാശാന്റെ കരുണ



പിയ എം എസ്സ്



കുമാരനാശാന്റെ നായികമാരൊക്കെ പരിശുദ്ധപ്രേമത്തിലൂടെ ആത്മീയതയിലേയ്ക്ക് ഉയരുന്നവരാണ്. വീണപൂവ്, കരുണ, ചണ്ഡാലഭിക്ഷുകി, ചിന്താവിഷ്ടയായ സീത ഒക്കെ അങ്ങനെയാണ്. നായികമാരുടെ പ്രേമം ഒടുവിൽ ആത്മീയത കൈവരിച്ചു മോക്ഷപ്രാപ്തിയിൽ എത്തുന്നതായാണ് നാം കാണുന്നത്. ഒരുപക്ഷേ, ശ്രീനാരായണഗുരുവിനോടുള്ള സഹവാസം അദ്ദേഹത്തിന്റെ ഉള്ളിൽ ഭീകരമായ വടംവലി നടത്തിയിരുന്നതുകൊണ്ടാകാം ഇത്തരത്തിൽ അദ്ദേഹം തന്റെ കഥാപാത്രങ്ങളെ കേവലം ലൗകികതയിൽ നിന്ന് അടർത്തി മാറ്റി ഉത്തമരാക്കുന്നത്. കരുണയിലെ നായിക വാസവദത്ത അതിസുന്ദരിയും ധനികയുമായ ഒരു ഗണികയായിരുന്നു. അത്തരക്കാർക്കുപോലും മനസ്സിൽ പരിശുദ്ധപ്രണയം അങ്കുരിച്ചാൽ അത് ആത്മീയമായ ഒരു ഉന്നമനം ഉണ്ടാക്കുമെന്നാണ് ആശാൻ വിവക്ഷിക്കുന്നത്.

വാസവദത്ത കാശിനുവേണ്ടി അണിഞ്ഞൊരുങ്ങുന്നവളായിരുന്നു. അവൾ അതിസുന്ദരിയുമായിരുന്നു. അവൾ ഒരിക്കൽ സന്ദർഭവശാൽ ഉപഗുപ്തൻ എന്ന ബുദ്ധസന്യാസിയെ കാണുമ്പോൾ അദ്ദേഹത്തിന്റെ ചൈതന്യം അവളെ ആകർഷിക്കുന്നു. അതു കേവലം ഒരു ഒത്തുചേരലിൽ അവസാനിക്കുന്ന ബന്ധമായേ ആ ഗണികബുദ്ധിയിൽ തോന്നിയുള്ളൂ. അതിനപ്പുറം ചിന്തിക്കാനുള്ള വിവേകം ലൗകികവിഭ്രാന്തിയിൽ മതിമറന്നു ജീവിക്കുന്ന അവൾക്ക് ഇല്ലായിരുന്നുതാനും. പലപ്രാവശ്യം വാസവദത്ത തന്റെ തോഴിയെ അയച്ച് ഉപഗുപ്തനെ തന്റെ മാളികയിലേക്കു ക്ഷണിച്ചുവെങ്കിലും ഉപഗുപ്തൻ അവളെ കാണാൻ കൂട്ടാക്കുന്നില്ല. കാത്തുകാത്തു ക്ഷമ വറ്റിയ വേളയിൽ ധനവാനായ ഒരു വ്യപാരി അവളെ തേടി വരികയും അത് അവളിൽ ഉപഗുപ്തനെ കാണാനുള്ള കാത്തിരിപ്പു മതിയാക്കാനിടവരുത്തുകയും ചെയ്യുന്നു. പക്ഷേ ഈ പുതിയ ബന്ധം അവളുടെ നിത്യ സന്ദർശകനായ മറ്റൊരു ധനികനിൽ അസൂയ വരുത്തുകയും അയാളെ ഭയന്ന് ഒരിക്കൽ വാസവദത്തയുടെ ജോലിക്കാർക്ക് അയാളെ കൊലപ്പെടുത്തേണ്ടി വരികയും ചെയ്യുന്നു. വാസവദത്ത നിയമം ഭയന്നു ധനികന്റെ





ശരീരം പരിചാരകരെ കൊണ്ട് ഇരുചെവിയറിയാതെ മറയ്ക്കുന്നു. ധനികന്റെ മരണം വാസവദത്ത മൂലമാണെന്നറിഞ്ഞ രാജാവ് ശിക്ഷ വിധിക്കുന്നു. വാസവദത്തയുടെ ശരീരഭാഗങ്ങൾ മുറിച്ച് അവളെ ചുടലക്കളത്തിൽ എറിയാനായിരുന്നു രാജകൽപ്പന. രാജഭടന്മാർ വാസവദത്തയുടെ അവയവങ്ങൾ പലകഷണങ്ങളായി വെട്ടിമുറിച്ചു ചുടലക്കളത്തിലെറിയുന്നു. ഇനിയും മരിക്കാതെ ചുടലക്കളത്തിൽ കിടക്കുമ്പോൾ അവിടെ അവളോടൊപ്പം സന്തതസഹചാരിയായ ഒരു പരിചാരിക മാത്രമേ ഉണ്ടായിരുന്നുള്ളൂ.

തന്റെ ജീവൻ ശരീരം വിടാൻ കാത്തുകിടക്കുമ്പോഴും വാസവദത്തയിൽ ഉപഗുപ്തനെ കാണാനുള്ള ആഗ്രഹം നുരയുന്നു! ഉപഗുപ്തൻ വിശേഷം അറിഞ്ഞ് വാസവദത്തക്കു മോക്ഷം നൽകാനായെന്നപോലെ അവിടേക്ക് ചെല്ലുന്നു. തോഴി ഉപഗുപ്തൻ കാണാതെ വാസവദത്തയുടെ അറ്റുപോയ ശരീരഭാഗങ്ങൾ മൂടി മറച്ച് അവളെ ആദരിക്കുന്നു. രക്തം മുഴുവൻ വാർന്നു പോയിട്ടും ഉപഗുപ്തനെ കാണുമ്പോൾ അവൾ വിവർണ്ണയാകുന്നു. ഉപഗുപ്തൻ വാസവദത്തയെ സമാശ്വസിപ്പിക്കുന്നു, 'എനിക്ക് നിന്നെ കാണാനുള്ള സമയം ആയിട്ടില്ലായിരുന്നു. നീ അത്തരത്തിൽ ഉള്ള ഒരു ജീവിതമായിരുന്നു നയിച്ചിരുന്നത്. നിന്റെ ലൗകികാസക്തിപണത്തിനും ആർഭാടങ്ങളിലുമുള്ള അമിതാസക്തി ആണ് നിനക്ക് ഈ ഗതി വരുത്തിയത്. ഒരുകണക്കിന് നിന്റെ ഈ വിപത്ത് നിനക്ക് ഒരനുഗ്രഹമാണ്. ഐശ്വര്യത്തിന്റെ നശ്വരതയും സൗന്ദര്യത്തിന്റെ നിസ്സാരതയും ഒക്കെ നിനക്ക് ഇപ്പോൾ ബോധ്യപ്പെട്ടു വല്ലോ!'

തോഴി അവളെ നോക്കുന്ന വിധവും വാസവദത്തയിൽ മരണസമയത്തു തന്നോടുള്ള പ്രേമവും കണ്ട് യോഗി പറയുന്നു, 'നിന്നിൽ എന്തോ ചില നന്മകൾ ഉണ്ടായിരുന്നു. അല്ലെങ്കിൽ നിനക്ക് എന്നെ കാണണം എന്ന ആഗ്രഹം അങ്കുരിക്കില്ലായിരുന്നു, ഒരു പരിചാരിക നിന്നെ ഈ വിധം ശുശ്രൂഷിക്കയും ഇല്ലായിരുന്നു. സാരമില്ല, നിനക്ക് മേലിൽ, ആരും അപഹരിക്കാത്ത ധനവും (ശാന്തി) കാമൻ അതിക്രമിക്കാത്ത ശാശ്വതമായ സുഖവും ലഭിക്കും' (മോക്ഷം). ഉപഗുപ്തൻ വാസവദത്തയുടെ നെറുകയിൽ കൈവച്ച് (തന്റെ ഗുരുവിന് പൂജാദ്രവ്യങ്ങൾ ഒരുക്കിശുശ്രൂഷിച്ചു പവിത്രമായ കൈകളാൽ) അനുഗ്രഹിക്കുന്നു. അപ്പോൾ അണയാൻ പോകുന്ന ദീപം പോലെ വാസവദത്തയിൽ ബോധം തെളിയുന്നു. ഉപഗുപ്തൻ പറയുന്നു, 'പണ്ട് എന്റെ ഉപദേശം കേൾക്കാൻ നീ തയ്യാറാകുമായിരുന്നില്ല. സുഖം മനുഷ്യരെ അന്ധരാക്കുന്നു. തീവ്ര ദുഃഖം വിവേകികളുമാക്കും.' അദ്ദേഹം ഉപദേശിക്കുന്നു, 'തെറ്റുചെയ്യാത്തവരായി ഈ ഭൂമിയിൽ ആരുമില്ല; നദി മലിനപ്പെട്ടാലും അത് പിന്നീടൊരിക്കൽ തെളിഞ്ഞൊഴുകും; ഇരുളൊക്കെ മാറി ബോധം തെളിയാൻ ഒരു ക്ഷണം മതി. ഈ വേദന നിന്നെ മുക്തയാക്കിയിരിക്കുന്നു! നിനക്ക് പുണ്യലോകം കിട്ടും.

വാസവദത്ത ക്ഷീണിച്ച കൺപോളകൾ വിടർത്തി അവസാനമായി അദ്ദേഹത്തെ ഒന്നു നോക്കുന്നു. അദ്ദേഹം അവളുടെ ശിരസ്സിൽ കൈവച്ച് അനുഗ്രഹിക്കുന്നു. വാസ്വദത്തയുടെ കണ്ണിൽ നിന്നും



തുരു തുരെ കണ്ണുനീർ പ്രവഹിക്കുന്നു. യോഗി തന്റെ കയ്യാൽ അത് തുടച്ചു മാറ്റി, നിവരുന്നു. ഒരു നിമിഷം വാസവദത്ത നിർവ്വികാരതയോടെ തന്റെ മുറിഞ്ഞു കിടക്കുന്ന അവയവങ്ങൾ നോക്കുന്നു. കണ്മണികൾ മേൽപ്പോട്ടുയരുന്നു. പരിചാരിക വാവിട്ടു വിളിച്ചു കേഴുന്നു.

പിന്നീട് അവർ വാസവത്തയുടെ ഉടൽ ദഹിപ്പിക്കുന്നു. ഉപഗുപ്തൻ പരിചാരികയെ സമാധാനിപ്പിച്ച് യാത്രയാക്കുന്നു. വാസവദത്തയുടെ ആത്മാവ് പ്രകൃതിയിൽ ലയിച്ചു ചേരുന്നതു യോഗി അനുഭവിക്കുന്നു. ഉപഗുപ്തൻ ഒരു നിമിഷം സ്തബ്ദനായി തലകുനിച്ച് നിൽക്കുന്നു. .അപ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണുനീർ അടർന്നു വീഴുന്നു!

കവി വിശദീകരിക്കുന്നു, 'ആ കണ്ണുനീർ ഉൾക്കട ശോകത്തിന്റേയോ അവളെ ആശ്വസിപ്പിക്കാനായതിന്റെ ചാരിതാർത്ഥ്യത്തിന്റേയോ അവൾക്ക് പെട്ടെന്ന് മോക്ഷം കിട്ടിയതിന്റെ വിസ്മയത്തിന്റേയോ അല്ല; യോഗികൾ ആ വിധം ദുഃഖിക്കയോ ആശ്വസിക്കയോ ഇല്ല; പിന്നെയോ? അത്, യോഗിയിൽ നുരഞ്ഞു പൊങ്ങിയ 'കരുണ' എന്ന വികാരത്താലായിരുന്നു.'' കവി പറയുന്നു, 'ഭവാൻ ഇനിയും ലോകസേവനത്തിനായി വരിക; അങ്ങയെപ്പോലുള്ള ധാരാളം കാരുണികരെ ഈ ഭൂമിക്ക് ഇപ്പോൾ ഏറ്റവുമധികം ആവശ്യമാണ്'.

കരുണയ്ക്ക് ജീവിതത്തിലെ പ്രസക്തി ഇവിടെ കവി എടുത്തുകാട്ടുന്നു. യോഗികളിൽ എപ്പോഴും മനുഷ്യരോട് 'കരുണ' മാത്രമാണുണ്ടാവുക മനുഷ്യരുടെ അജ്ഞതയിൽ, വേദനയിൽ, നിയന്ത്രണമില്ലായ്മയിൽ.



കഥ

# ഏകാന്തതയുടെ അതിഥികൾ



ഉമ ശങ്കർ

അവൾ തനിച്ചായിരുന്നു, എന്നും. അതായിരുന്നു അവൾക്കിഷ്ടം. സ്വന്തം ശബ്ദം മാത്രം കേട്ട്, താൻ വരച്ച അതിരുകൾ കാത്ത്, തന്റെ നിയമങ്ങളിൽ ജീവിക്കുക. ഏകാന്തതയുടെ ആ കുടീരത്തിലേക്ക് ആർക്കും പ്രവേശനമില്ലായിരുന്നു, ഈ അടുത്ത കാലം വരെ.

അവ പതുക്കെയാണു വന്നുതുടങ്ങിയത്. അഞ്ചും പത്തുമായി, പതിയെ അവളുടെ വായനാ മേശയിൽ. ആദ്യമാദ്യം അവൾ അവയെ പെറുക്കിയെറിഞ്ഞു; അരിശത്തോടെ. വീണ്ടുമവയെത്തി, അമ്പതും നൂറുമായി. മേശയിൽ മാത്രമല്ല, അടുക്കളയിൽ, ഊണുമുറിയിൽ, ശയനമുറിയിൽ, കട്ടിലിലും കിടക്കയിലും, പുസ്തകത്താളുകളിൽ എല്ലാം അവ കുടിയേറി. ഭിത്തിയിലെ ചുവരിനിടയിലെ പഴുതുകൾ അവരുടെ വീടായി.
അവൾ യുദ്ധം ചെയ്യുകയായിരുന്നു. മണ്ണെണ്ണതൊട്ടു രാസവസ്തുക്കൾവരെ, പച്ചവെള്ളവും ചൂടുവെള്ളവും വരെ. അവരുടെ കുടിയിടങ്ങൾ അവൾ നശിപ്പിക്കാൻ ശ്രമിച്ചു.

അവൾ തോൽക്കുകയായിരുന്നു. അവളുടെ തലച്ചോറിൽ അവയുടെ ചിന്തകൾ അരിച്ചിറങ്ങി, പുതിയ സഹവാസികൾ അവളുടെ ഉറക്കം കെടുത്തി. പതിയെ അവൾ തോൽവി സമ്മതിക്കുകയായിരുന്നു.

തന്നെ അവർ ഉപദ്രവിക്കുന്നില്ലെന്ന് അവൾ തിരിച്ചറിഞ്ഞു. അടുക്കളയിൽ വിഹരിക്കുമ്പോഴും കിടക്കയിൽ അരിക്കുമ്പോഴുമൊന്നും തന്റെ ഉടലിനെ അവ സ്പർശിക്കുന്നില്ല. പിന്നെയെന്തു ശത്രുത? അവൾ ആ കൂട്ടത്തെ ശ്രദ്ധിച്ചു തുടങ്ങി. അൻപതിൽ നിന്നും നൂറിലേക്കും ഇരുനൂറിലേക്കും അഞ്ഞൂറിലേക്കും ആയിരത്തിലേക്കും ഇരട്ടിക്കുന്ന കാഴ്ച. അച്ചടക്കത്തോടെ വരിതെറ്റാതെ അരിക്കുന്ന കാഴ്ച. അവൾ പെറുക്കിയിടുന്ന അരിമണികളെ ചുമന്ന് സ്വന്തമാക്കിയ കുടിയിടങ്ങളിലേക്കു കൊണ്ടുപോകുന്ന കാഴ്ച.

പോരിറക്കങ്ങൾ അവൾ ഉപേക്ഷിച്ചു. അവളുടെ തലയിലെ ഭാരം കുറഞ്ഞു വന്നു. അവളുടെ എഴുത്തുമേശയെ അവ വലംവയ്ച്ചു. പുസ്തകങ്ങളിലൂടെ കയറിയിറങ്ങി. ക്രമേണ അവ അവളുടെ ജീവിതത്തിന്റെ ഭാഗമായി.

ഒരു നാൾ പൊടുന്നനെ അവ അപ്രത്യക്ഷമായി. മേശയിൽ, അടുക്കളയിൽ, കിടപ്പുമുറിയിൽ ഒന്നുമില്ല. അവൾ ഭിത്തിയുടെ വിടവിൽ, കട്ടിളയുടെ ദ്വാരത്തിൽ എല്ലാം തിരഞ്ഞു, ഭ്രാന്തിയെപ്പോലെ. അവളുടെ തലയിൽ ഉറുമ്പരിക്കും പോലെ തോന്നി; മേലാകെ തരിപ്പു പടർന്നു...

അയൽക്കാരാണ് നാലു ദിവസമായി കതകുതുറക്കാത്ത കാര്യം വീട്ടുടമയെ അറിയിച്ചത്. കതകു തള്ളിത്തുറന്നപ്പോൾ അവൾ വെറും നിലത്തു കിടക്കുകയായിരുന്നു, മേലാസകലം ഉറുമ്പരിച്ചിരുന്നു.



# കാറ്റമ്മ



**വെൺമണി ബിമൽരാജ്**



ഒരു ശൂന്യതയിലാണാദ്യമായ്  ഞാൻ
കാറ്റിന്റെ ശബ്ദം കേട്ടത്.
അതിലാരോ തേങ്ങുന്ന നേർത്തൊരീണം
ഒരു വിങ്ങൽ പോൽ പിണഞ്ഞിരുന്നു.

കാറ്റിലൊന്നുമെല്ലെ  പീലികൾ പൂട്ടി
കണ്ണടയ്ക്കുമ്പോഴമ്മയെന്നരുകിൽ,
കാതിൽ മെല്ലെ ചൊല്ലിയിതു
നിന്റെ ജീവന്റെ ജീവനാണിതോർക്കണം.

ഓർമ്മകൾ ഒഴിഞ്ഞുപോയ മനസ്സിന്റെ
കോണിലെവിടെയോ നീറുന്ന ചൂടുള്ള
ഒരമ്മയോർമ്മയെന്നെ ചേർത്ത്
കാറ്റിന്റെ കുളിരിൽ മെല്ലെയൊരുമ്മ വെച്ചു.

എന്നിലേക്കുമാത്രമായ് വന്നെന്റെ ജീവനുമേൽ,
ഇത്രയുമാ, ആത്മാവിൻ തലോടൽ തന്നു പോകെ,
എന്റെ നിശ്വാസം നനുത്ത തണുത്ത കാറ്റായി
തമ്മിൽ ചേരുമ്പോൾ, കാറ്റമ്മയെപ്പോലെ ചിരിച്ചു.

ഇനിയുമാകാറ്റായ് വരുമീ ജീവിത വഴികളിൽ,
നേർത്ത നിന്റെ മണം, പുഞ്ചിരി, പിന്നെ തലോടലും
പ്രതീക്ഷകൾ മാത്രം കൊളുത്തിവച്ച, ഒഴിഞ്ഞ,
ഉമ്മറപ്പടിയിൽ,  തിരിനാളം കെടാതെ നീട്ടി വെക്കാൻ.



തെക്കിനിയിലായന്നുയർന്ന സാമ്പ്രാണിമണമുള്ള പുകയിൽ,
കാറ്റിനു മാത്രാമായ് നീയുടുത്ത ശുഭ്രകമ്പളം.
അന്നെന്റെ നനഞ്ഞ കവിൾത്തടങ്ങളിൽ തലോടായ്
വന്നു വീണു, കരയാതെ എന്നെ താങ്ങി നിർത്താൻ.

ഇന്നീശൂന്യതയിൽ,  നിന്നരികിലേക്കൊരു യാത്രയിൽ,
കാറ്റുമാത്രമെൻചാരെ,  അതിലാരോ കരയുന്നയൊലികൾ,
എനിക്കു ചുറ്റുമെരിയും തിരികളിലൊന്നിലമ്മതൻ മുഖം,
പിന്നെ,  തേങ്ങലുകളും  കാറ്റമ്മയും ഞാനും...



# അനുവിന്റെ ഡയറി



**ഗീതു ചന്ദ്രൻ**

മടുപ്പിക്കുന്ന പഠന തിരക്കുകൾക്കിടയിൽ എപ്പോഴോ കണ്ടിരുന്നു, തൊട്ടടുത്ത ഫ്ളാറ്റിലെ പുതിയ സഹായി പെൺകുട്ടിയെ. ആ ഫ്ളാറ്റിന്റെ ഉടമസ്ഥർ ഒരു തമിഴ് ഇന്ത്യൻ കുടുംബം ആയിരുന്നതുകൊണ്ട് പരസ്പരമുള്ള സൗഹൃദസന്ദർശനങ്ങൾ ഞങ്ങൾക്കിടയിൽ പതിവാണ്.

നേരത്തെ ആ ഫ്ളാറ്റിൽ സഹായത്തിന് ഉണ്ടായിരുന്നത് ഒരു തമിഴ് ആന്റി ആയിരുന്നു. ഞങ്ങളുടെ സ്വന്തം കനകാമ്മ. ഇപ്പോൾ മകളുടെ പ്രസവം സംബന്ധിച്ചു നാട്ടിൽ പോയി. കനകാമ്മ ഉള്ളപ്പോൾ അവിടെ എന്തു സ്പെഷ്യൽ വച്ചാലും ഞങ്ങൾ അഞ്ചുപേർക്കും കൊണ്ടുത്തരും. പഠിക്കുന്ന കുട്ടികളല്ലേ, അവർക്ക് പാചകം ഒന്നും അറിയില്ലെന്നും പറഞ്ഞ്...

ഇവിടെ സാധാരണയായി കാണുന്ന ചൈനീസ് മുഖഛായ തന്നെയായിരുന്നു ആ പെൺകുട്ടിയ്ക്കും. പക്ഷേ ഞങ്ങൾക്ക് കൗതുകം തോന്നിയൊരു കാര്യം, ആ കുട്ടിയുടെ ഇരു കവിളുകളിലും എപ്പോഴും നമ്മുടെ ചന്ദനം പോലെ എന്തോ ഒന്ന് തേച്ചുപിടിപ്പിച്ചിരുന്നു. പെണ്ണുങ്ങളല്ലേ, അതെന്താണെന്ന് അറിയാനുള്ളൊരു ത്വര ഞങ്ങളിൽ വളർന്നിരുന്നു. സ്വാഭാവികം!
അങ്ങനെയൊരു ശനിയാഴ്ച. 'എല്ലാവരും ഉണ്ടല്ലോ വാ വാ", അവിടത്തെ സ്വാമി അങ്കിൾ ആണ്.
'സുപ്രിയ ആന്റിയ്ക്ക് ഇന്നു ഡ്യൂട്ടി ഉണ്ടോ അങ്കിൾ?"ഞാൻ ചോദിച്ചു. ഉണ്ടെന്നുള്ള അർത്ഥത്തിൽ അങ്കിൾ ഒന്നു മൂളി. 'അനു, എന്നു കഴിയും നിങ്ങളുടെ കോഴ്സ്?"എന്നോടാണ്.'ഇനിയുമുണ്ട് അങ്കിൾ; ഒരു വർഷംകൂടി'. ഞാനും കൂട്ടുകാരും ഇവിടെ സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയിൽ MBA പഠിക്കുന്നു.

'ടെറ്റ്, ടെറ്റ്... ഇവർക്ക് കുടിക്കാൻ എന്തെങ്കിലും എടുക്ക്.' ആ കുട്ടി നല്ലൊരു മൈലോ ഡ്രിങ്ക് കൊണ്ടുവന്നു. ഞങ്ങൾ പരിചയപ്പെട്ടു. ടെറ്റ് ടെറ്റ് എന്നാണ് പേര്. മ്യാൻമാർകാരിയാണ്. പഴയ ബർമ്മ.
'തൃക്കോട്ടൂർ പെരുമ 'പറയാൻ കേരളത്തിലേക്ക് എത്തി, സാഹിത്യ ലോകത്തിൽ ഇരുപ്പുറപ്പിച്ച ഒരു പാതി ബർമ്മകാരനെയും, ഉഴവൂർക്കാരനായ രാഷ്ട്രപതിയുടെ കൈ പിടിച്ച് കേരളത്തിന്റെ മരുമകളായ ബർമ്മകാരിയെയും കുറിച്ചു പറഞ്ഞപ്പോൾ അവിടെ സന്തോഷം. ഞങ്ങൾ പിന്നെ നല്ല കൂട്ടുകാരായി. ഏകദേശം ഒരേ പ്രായക്കാർ. 22 വയസ്സ് കാണുമെന്നു തോന്നുന്നു.

അതിനിടയിൽ ഞങ്ങൾ ചോദിച്ചിരുന്നു മുഖത്ത് പുരട്ടുന്ന ലേപനം എന്താണെന്ന്. തനക എന്ന മരത്തിന്റെ തടി അരച്ച് ഉണ്ടാക്കുന്ന പരമ്പരാഗത സൗന്ദര്യവർദ്ധക വസ്തുവാണത്രെ അത്. നമ്മുടെ ചന്ദനം പോലെയൊക്കെയുള്ള ഒന്ന്... അവരുടെ ചുളിയാത്ത, തിളക്കമുള്ള ചർമ്മത്തിന്റെ രഹസ്യം അതാണെന്നും പറഞ്ഞു ചിരിച്ചു. എത്രയൊക്കെ സംസാരിച്ചാലും ടെറ്റ് ഒരു പാട് വിഷമങ്ങൾ ഉള്ളിലൊതുക്കുന്നുണ്ടെന്നു പലപ്പോഴും തോന്നിയിരുന്നു.

അങ്ങനെയൊരിക്കൽ... ഐലാൻ കുർദിയെന്ന മൂന്നു വയസ്സുകാരന്റെ ഉള്ളുലയ്ക്കുന്ന മരണചിത്രം പുറത്തുവന്ന അന്നാണ് ആദ്യമായി ടെറ്റ് ടെറ്റ് ഞങ്ങളോട് മനസ്സുതുറക്കുന്നത്. മ്യാൻമറിലെ ഇരാവതി നദീതീരത്തെ മണ്ഡലൈ എന്ന പട്ടണത്തിൽ ജനിച്ച ടെറ്റ് ടെറ്റും സഹോദരനും മാതാപിതാക്കളുടെ മരണശേഷം എങ്ങനെയൊക്കെയോ റാഖൈൻ എന്ന നാട്ടിൽ എത്തി ചേർന്നു. ബർമ്മീസ് ഭാഷ സംസാരിച്ചിരുന്ന ആ കുട്ടികളെ റോഹിംഗ്യ ഭാഷ

പറഞ്ഞിരുന്ന ആ നാട്ടുകാർ ഭക്ഷണവും വെള്ളവും കുടിലിൽ കിടക്കാൻ ഇടവും കൊടുത്തു സ്വീകരിച്ചു. സ്നേഹത്തിന് എല്ലായിടത്തും ഒരേ ഭാഷ മാത്രമേ ഉള്ളൂ എന്ന പോലെ...

‘അവിടെ പ്രശ്നങ്ങൾ ആയിരുന്നു, എന്നും. എന്നിട്ടും ഞങ്ങൾ അവിടെ ജീവിച്ചു, അവർക്കൊപ്പം...” അവൾ തുടർന്നു. സഹോദരൻ മഞ്ഞപിത്തം ബാധിച്ചു മരണമടഞ്ഞതോടെ കാക്കു എന്നും മച്ചീ എന്നും അവൾ വിളിക്കുന്ന ആ ഭാര്യയും ഭർത്താവും ആയി, അവൾക്കെല്ലാം; അച്ഛനായിട്ടും അമ്മയായിട്ടും. ‘ഞങ്ങൾക്ക് പ്രതീക്ഷയുണ്ടായിരുന്നു അന്നു, സമാധാന നൊബേൽ സമ്മാനജേതാവ് അധികാരത്തിൽ എത്തുമ്പോഴെങ്കിലും മ്യാൻമറിൽ സമാധാനം വരുമെന്ന്. പക്ഷേ...”അവളൊന്നു നിർത്തി...

“2012 ൽ ആണ് ഞാൻ ആദ്യമായി സിംഗപ്പൂർ വരുന്നത്. ജോലി ചെയ്തു സാമ്പാദിക്കണം; കാക്കുവിനെയും മച്ചിയേയും നന്നായി നോക്കണം; വീട് വെക്കണം... അങ്ങനെ ഒത്തിരിയേറെ സ്വപ്നങ്ങളുമായി. ഇപ്പോൾ എനിക്കൊരു സ്വപ്നമേയുള്ളൂ അന്നു....”

അവൾ കരഞ്ഞു ശബ്ദമില്ലാതെ... “കാക്കുവിനെയും മച്ചിയേയും കാണണം, ഒരിക്കലെങ്കിലും... കലാപത്തിനിടയിൽ ജീവനും കൈയ്യിൽ പിടിച്ച് അവരെങ്ങോട്ടോ പോയി... ഇന്ത്യയിലേക്കോ, ബംഗ്ലാദേശിലേക്കോ എങ്ങോട്ടോ... ജീവനോടെ ഉണ്ടോ എന്നു പോലും അറിയില്ല...” ഇനിയും പറയാൻ ഒന്നുമില്ല എന്ന പോലെ അവളൊന്നു നിവർന്നിരുന്നു.

എന്തു പറയണം എന്നെനിക്ക് അറിയുമായിരുന്നില്ല. ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ തെക്കേമൂലയിൽ സമാധാനത്തിൽ ജീവിച്ചു വളർന്ന എനിക്ക് ഇതിനു മറുപടി പറയാൻ തക്ക അറിവില്ലായിരുന്നു എന്നതായിരുന്നു സത്യം. ടെറ്റ് ടെറ്റിനെ കണ്ടു പിരിഞ്ഞിട്ട് വർഷം ഒമ്പതാകുന്നു. ങആഅ പഠനം കഴിഞ്ഞ് ഞാനിപ്പോൾ ഒരു സ്ഥാപനത്തിലെ ഒഞ മാനേജർ ആയി ജോലി ചെയ്യുന്നു. ഇടയ്ക്ക് ഓർക്കും, ടെറ്റ് ടെറ്റ് അവളുടെ നഷ്ടപ്പെട്ടുപോയ പ്രിയപ്പെട്ടവരെ കണ്ടെത്തിയിരിക്കുമോ?

---


MET Mecpro Pte Ltd

MECHANICAL & ENGINEERING & TRADING

An Ultimate Solution for Mechanical Engineering

9-C Lok Yang Way,
Singapore 628630

+65 68622960
+65 97314535

mecpro@singnet.com.sg
www.mecprosg.com

# ചിറകുകളുണ്ടായിരുന്നെങ്കിൽ

**കെ. ഭവാനി**



ജനനം കണ്ണൂർ ജില്ലയിലെ ഇരിക്കൂറിൽ, 35 വർഷം അദ്ധ്യാപിക ആയി ജോലി ചെയ്തു. വിരമിച്ചതിനു ശേഷം കഴിഞ്ഞ 27 വർഷമായി കവിതകൾ, ഭക്തി ഗാനങ്ങൾ എന്നിവ എഴുതുന്നു. 1000 അധികം ഗുരുവായൂരപ്പ ഭക്തി ഗാനങ്ങൾ എഴുതിയിട്ടുണ്ട്. പ്രധാന കൃതികൾ പ്രസാദകളഭം, കൃഷ്ണ തീർത്ഥം, പൂനിലാവും പാഴ്മരവും, ചിറകുകളുണ്ടായിരുന്നെങ്കിൽ. ചിറകുകളുണ്ടായിരുന്നെങ്കിൽ എന്ന കവിത 19 വർഷം മുൻപ് അന്തരിച്ച ഭർത്താവിന്റെ സ്മരണാർത്ഥം എഴുതിയ കവിത

---

ചിറകുകളുണ്ടായിരുന്നെങ്കിൽ ഞാനാ-
ചിറകിലേറി വരുമായിരുന്നേനെ
പറയൂ, ഭവാനിന്നെവിടെയാണെന്ന-
അറിയപ്പെടാത്തേടമായാലുമെത്തും
ഞാൻ അറിയുന്നില്ലേയെൻ താളപ്പിഴകള-
അറിയിക്കാനേറെ തിടുക്കമായല്ലോ
അറിയാനും പറയാനുമേറെയാണ-
ങ്ങറിയാതെ വല്ലാതെ സ്നേഹിച്ചുപോയ്
ഒരുനേരമൊന്നു നുള്ളി നോവിക്കാതെ
ഒരുവാക്കുപോലും പറഞ്ഞുതെറ്റാതെ
കളിവാക്കുപോലും പറഞ്ഞകലാതെ
ഒരുവാക്കു പോലും മിണ്ടാതെ പോയില്ലേ?
കാണാതിരിക്കാനര മാത്രയാകാതെ
കാണുന്ന ലോകത്തെപ്പോഴുമൊന്നിച്ചും
കാണാക്കയങ്ങളിലൊന്നിച്ചു മുങ്ങിയും
കാണാലോകത്തെവിടെ മറഞ്ഞുപോയി
ഒരു പാടഴതു ഒരു പാടു നാളാ-
യിടതടവില്ലാതൊഴുക്കിയശ്രുക്കൾ
കഠിനദുഖത്തിലുടനീളം തേങ്ങി
കടുകോളമിന്നൊരു ശമനവുമില്ല
ചാരമായാൽ പിന്നെ ചാരത്തുണ്ടാവില്ലെ-
ന്നാരാനും ചൊല്ലാതെ നന്നായറിയും ഹാ !
ഓരായാനെന്നുമേറെ പണിപ്പെട്ടാലും
ഓരോ ദിനവും നിന്നോർമ്മകളേറുന്നു
സൂര്യതേജോ നിധിയെന്നന്തരാത്മാവി-
ലാര്യ ! ഭവാനെന്നുമുണ്ടായിരുന്നിട്ടും
എൻചിത്ത ഭിത്തിയിൽ ചില്ലിട്ടുവെച്ചൊരാ-
നിൻ ചിത്രമെന്നും ചിതലരിച്ചീടാതെ
മാറാല മൂടാതെ മങ്ങലങ്ങേൽക്കാതെ
മാറാതെയെന്നും തുടച്ചുവെച്ചീടും ഞാൻ.





# ജീവിത യാത്ര



**എം. ബദറുദ്ദീൻ**

സീനിയർ SMA ലൈഫ് മെമ്പർ

40 വർഷങ്ങൾക്ക് മുൻപുള്ള ഒരു കഥയാണ് ഇത്. ആർഭാടങ്ങളോ മറ്റു ചടങ്ങുകൾ ഒന്നുമില്ലാതെ നടന്ന ഒരു നാട്ടിൻപുറത്തെ വിവാഹം.റഹിമിന്റെ പിതാവും, ഉപ്പുപ്പായും അമ്മാവനും എല്ലാം സിംഗപ്പൂർ എന്ന രാജ്യത്ത് ജീവിച്ച് സമ്പാദിച്ചവരായിരുന്നു. മൂന്നാംതലമുറക്കാരനായ റഹിമിന് സിംഗപ്പൂർ കാണണമെന്ന് ആഗ്രഹം!

അങ്ങനെ M.V ചിദംബരം എന്ന കപ്പലിൽ ടിക്കറ്റ് ബുക്ക് ചെയ്ത് സിംഗപ്പൂരിലേക്ക് യാത്ര തിരിച്ചു.ആറാമത്തെ ദിവസം ഫോർട്ട് കിള്ളാനിംഗിൽ (മലേഷ്യ) എത്തി രാവിലെ, ആറ് മണിയോടെ. അവിടെ എന്റെ ബാപ്പായുടെ ഒരു ജേഷ്ഠനും അവരുടെ മക്കളും എന്നെ കാണാൻ എത്തിയിരുന്നു. പത്തുമണിയോടെ കപ്പലിൽ നിന്നും പുറത്തുവന്നു. രാവിലെ നല്ല മഴയായിരുന്നു. മൂത്താപ്പായെ ഞാൻ കണ്ടു പരസ്പരം സലാം പറഞ്ഞു.ഞങ്ങൾ മലയാളത്തിൽ ആയിരുന്നു സംഭാഷണം, പക്ഷേ മക്കൾക്ക് 'മലായ്' ഭാഷ അല്ലാതെ മറ്റൊന്നും അറിഞ്ഞുകൂടായിരുന്നു. ഞാൻ മലയാളത്തിൽ പറഞ്ഞത് മൂത്താപ്പ തർജ്ജിമ ചെയ്ത് മലായിൽ പറഞ്ഞു കൊടുത്തു. മൂത്താപ്പാക്ക് ആറ് മക്കളായിരുന്നു. മൂന്നുപേർ മാത്രമായിരുന്നു വന്നത്. അവർ താമസിക്കുന്ന സ്ഥലം 'സുഗ്ഗെപ്പട്ടാണി'യിൽആണ്. എന്നെ അവിടേയ്ക്ക് ക്ഷണിച്ചു.

ഞാൻ പറഞ്ഞു, ഇനി ഒരിക്കൽ വരാമെന്ന്. മൂന്നു മക്കൾ ജോലിയ് ക്ക് പോയി എന്ന് പറഞ്ഞു. സീ പോർട്ടിലുള്ള ഒരു ചെറിയ കടയിൽ ഞങ്ങൾ ഒരു ചായ കുടിച്ചു. അതിനുശേഷം ഞങ്ങൾ നാട്ടു വിശേഷങ്ങൾ എല്ലാം പങ്കുവെച്ചു.ഉമ്മുമ്മായ്ക്ക് കൊടുക്കുവാൻ ഒരു സോപ്പും, പൗഡറും എന്റെ പക്കൽ തന്നു. ഇതു രണ്ടും ഞാൻ വാങ്ങി. അപ്പോഴേയ്ക്കും മണി പന്ത്രണ്ട് കഴിഞ്ഞു.

സന്ദർശന സമയം തീർന്നു. ഞാൻ യാത്ര പറഞ്ഞു വീണ്ടും കപ്പലിൽ കയറി.

അപ്പോഴേയ്ക്കും ഉച്ചയൂണിന്റെ സമയമായി. ഇത് എഴുതുമ്പോൾ എല്ലാം എന്റെ കൺമുമ്പിൽ നിൽക്കുന്ന മാതിരി എനിക്ക് തോന്നി. കപ്പൽ വൈകുന്നേരം വീണ്ടും യാത്ര തുടർന്ന് സിംഗപ്പൂരിലേക്ക്. അങ്ങനെ ആ രാത്രി കഴിഞ്ഞു, ഏഴാമത്തെ ദിവസം രാവിലെ ഏഴ് മണിയോടെ സിംഗപ്പൂർ ഹാർബറിൽ എത്തിച്ചേർന്നു. എന്നെ സ്വീകരിക്കുവാൻ വന്നത് എന്റെ ബാപ്പായുടെ സ്നേഹിതന്റെ (സാമുൽ) ശേഷക്കാരൻ പയസ് ആയിരുന്നു. നാട്ടിൽ വരുമ്പോൾ പയസും കുടുംബവും എന്റെ വീട്ടിൽ വരുമായിരുന്നു. വളരെ നല്ല ബന്ധമായിരുന്നു. ഇപ്പോൾ പയസ് വാർദ്ധക്യസഹജമായി കഴിയുന്നു.

ഞാൻ കപ്പലിൽ നിന്നും പത്ത് മണിയോടെ പുറത്തു വന്നു. ഗേറ്റിനു പുറത്ത് പയസും മകനും എന്നെ കാത്ത് നിൽക്കുകയായിരുന്നു.ഞങ്ങൾ അവിടെ നിന്നും സാംബ വാങി ലേയ്ക്ക് ബസ് നമ്പർ 980 എടുത്തു. ഇന്നും ഇതേ നമ്പറിലുള്ള ബസ് തന്നെയാണ് തുടരുന്നത്. ചെറിയ ലഗേജ് മാത്രമായിരുന്നു എനിക്കുണ്ടായിരുന്നത്.രണ്ട് ദിവസം പയസിന്റെ വീട്ടിൽ താമസിച്ച ശേഷം മൂന്നാമത്തെ ദിവസം സാമൂലിന്റെ താമസസ്ഥലത്തേയ്ക്ക് മാറി.

തേക്കായിൽ ഉള്ള മെക്കൻസി റോഡിലുള്ള വീടായിരുന്നു. പിന്നെ ഞാൻ പകൽ മുഴുവൻ ഒറ്റയ്ക്കായിരുന്നു. ഒറ്റയ്ക്കിരുന്ന് മുഷിയുമ്പോൾ പുറത്ത് റോഡിലേയ്ക്ക് ഇറങ്ങും. തുടർന്ന് തേക്കാ മാർക്കറ്റിൽ പോയി ആഹാരം കഴിക്കും തിരിച്ചുവരും റൂമിൽ കുറച്ച് സമയം വിശ്രമിക്കും. പിന്നെ സ്ഥലം കാണാൻ എല്ലാം ഒറ്റയ്ക്ക് പോയി തുടങ്ങി. സിംഗപ്പൂരിലെ പ്രമുഖ കോൺട്രാക്ടർ N.C.സേനൻ അവർകളെയും കാണാൻ പോയിരുന്നു. നിർഭാഗ്യവശാൽ കാണാൻ കഴിഞ്ഞില്ല. എൻറെ നാട്ടുകാരനാണ് അദ്ദേഹം.മലേഷ്യ മലയാളി പത്രം ആഫീസിലും പോയി. ചീഫ് എഡിറ്റർ V.P. അബ്ദുള്ളയെ കണ്ടു. അദ്ദേഹവുമായി അഭിമുഖ സംഭാഷണം നടത്തി. പ്രസ്തുത ഇൻറർവ്യൂ പത്രത്തിൽ വാർത്തയായി വന്നിട്ടുള്ളതാകുന്നു. പ്രമുഖ വ്യക്തികളെ എല്ലാം കണ്ടു.ഇതിൽ എനിക്ക് പ്രത്യേകമായി പറയാനുള്ളത് എന്റെ ക്ലാസ്മേറ്റ് ജയകുമാറിനെ യാദൃശ്ചികമായി ബസ് സ്റ്റോപ്പിൽ വെച്ച് കണ്ടുമുട്ടി. അപ്പോൾ എനിക്ക് വളരെ സന്തോഷമായിരുന്നു. തുടർന്ന് ഒരു ദിവസം ഉച്ചയൂണിന് എന്നെയും കൂട്ടി ജയകുമാർ വീട്ടിൽ പോയി. അവിടെ ജയകുമാറിന്റെ അച്ഛൻ,അമ്മ,സഹോദരൻ, സഹോദരി എല്ലാപേരെയും കണ്ടു. ഇന്നും ആ ഓർമ്മകൾ എന്റെ മനസ്സിൽ നിന്നും ഒരിക്കലും മായാതെ നിലനിൽക്കുന്നു.

എന്റെ ഒരു അമ്മാവനും കുടുംബവും ഇവിടെയുണ്ട്. ഞാൻ ഒരാഴ്ച കഴിഞ്ഞ് ആണ് അവരുടെ വീട് സന്ദർശിക്കാൻ പോയത്. അവിടെ ഒരു ദിവസം താമസിച്ചു. മാമായ്ക്ക് ഏഴ് മക്കൾ അഞ്ച് പെണ്ണും രണ്ട് ആണും, അതിൽ ഒരു മകൾ മാത്രമേ വിവാഹം കഴിഞ്ഞിട്ടുള്ളൂ.

പിറ്റെ ദിവസം രാവിലെ തന്നെ തിരിച്ചു പോയി. പുറത്തു പോകുന്ന സമയത്തിന് അമ്മാവൻ പറഞ്ഞു, എൻറെ ഒരു മകളെ നീ വിവാഹം കഴിക്കണമെന്ന്. ഞാൻ പറഞ്ഞു നാട്ടിൽ പോയിട്ട് പറയാമെന്ന്.വീണ്ടും ഞാൻ താമസിയ്ക്കുന്ന സ്ഥലത്തേയ്ക്ക് പോയി. എന്റെ ഉമ്മയുടെ മൂത്ത സഹോദരനെ കാണാൻ പോയി. ഇവിടെ തന്നെയാണ് താമസം കുടുംബ സഹിതം. അവിടെപ്പോയി അമ്മാവനെയും മക്കളെയും കണ്ടു. മകൻ എന്നെ പല സ്ഥലങ്ങളിലും കൊണ്ടുപോയി കാണിച്ചു.സിംഗപ്പൂരിലെ പ്രമുഖ സ്ഥലങ്ങൾ എല്ലാം ചുറ്റിക്കറങ്ങി കണ്ടു. അങ്ങനെ ദിവസങ്ങൾ 21 ആയി. എനിക്ക് നാട്ടിൽ പോകാൻ സമയമായി.

ഞാൻ തിരിച്ച് M.V. ചിദംബരം കപ്പലിൽ നാട്ടിലേയ്ക്ക് യാത്രയായി. ഒരുപിടി ഓർമ്മകളുമായി. അത് നാളിതുവരെ മനസ്സിൽ നിന്നും മാഞ്ഞുപോകാതെ കിടക്കുകയാണ്. ഏഴാമത്തെ ദിവസം മദ്രാസ്പോർട്ടിൽ എത്തി, അവിടെ നിന്നും ട്രെയിൻ മാർഗ്ഗം യാത്ര തിരിച്ചു. പിറ്റേദിവസം രാവിലെ 11 മണിയോടെ എന്റെ ഗ്രാമത്തിൽ എത്തിച്ചേർന്നു.നാട്ടിൽ വന്നതിനുശേഷം എല്ലാ പേർക്കും ഞാൻ നന്ദി അറിയിച്ചു കൊണ്ടുള്ള കത്തുകൾ അയച്ചു.

മാസങ്ങൾക്കുശേഷം അമ്മാവനും മകളും നാട്ടിൽ വന്നു. വിവാഹത്തിനു വേണ്ടി. എന്റെ വീട്ടിൽ ഉമ്മയും ബാപ്പായുമായി ആലോചിച്ചപ്പോൾ നടക്കുകയില്ല എന്ന് പറഞ്ഞു. അവൻറെ ഇഷ്ടത്തിന് ചെയ്യാൻ പറഞ്ഞു. അവർക്ക് എന്തായിരുന്നു അഭിപ്രായവ്യത്യാസം എന്ന് ഇന്നും എനിക്ക് അറിയില്ല! മറ്റ് ബന്ധുക്കളെല്ലാം ഈ വിവാഹത്തിൽ പങ്കെടുത്തു. ഇതിൽ മിക്കവരും ഇന്ന് ജീവിച്ചിരിപ്പില്ല. ഏഴ് ദിവസം കൊണ്ടായിരുന്നു വിവാഹം. കത്ത് പ്രിൻറ് ചെയ്തു ഞാൻ തന്നെയാണ് എല്ലാപേർക്കും നേരിൽ കൊടുത്തത്.

വിവാഹത്തിന് പ്രമുഖ രാഷ്ട്രീയ- സാമൂഹ്യ പ്രവർത്തകരും ബന്ധുക്കളും പങ്കെടുത്തു. ശ്രീ. ട.വരദരാജൻ നായർ,

കരകുളം കൃഷ്ണപിള്ള, ഷൈൻ, രവികുമാർ,ഷാഹുൽ മച്ചാ, കാസിം കാക്ക, മജീദ് മൂത്താപ്പ, മുഹമ്മദ് ആഷിയ മൂത്തുമ്മ, ജ്യേഷ്ഠന്റെ ഭാര്യ തുടങ്ങിയ നിരവധി വ്യക്തികൾ പങ്കെടുത്തു. (ഇവരിൽ പലരും എന്നെ വിട്ടു പോയി ട്ടുണ്ട്. അവരുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.) പങ്കെടുത്ത് ആശീർവദിച്ച എല്ലാപേർക്കും എന്റെ സ്നേഹവും നന്ദിയും അറിയിച്ചു.

വിവാഹം 1984 ഒക്ടോബർ 24- ാം തീയതി 9.30 നും 9.45 AM നും ഇടയിൽ വർക്കല റോട്ടറി ക്ലബ്ബിൽ വെച്ച്.9.30 AM ചടങ്ങുകൾ ആരംഭിച്ചു. 9.45 ന് എല്ലാം തീർന്നു.

ബണ്ണ്, ഡ്രിങ്ക്സ് ഉണ്ടായിരുന്നു. ബിരിയാണിക്കുപകരം ചിലർ അത് എടുത്തു രുചിച്ചു നോക്കി. നന്ദി പറഞ്ഞു.

യാതൊരുവിധ ആഡംബരമോ, മറ്റു ചടങ്ങുകളോ ഇല്ലാതെ 9.45 AM ന് ഗേറ്റ് പൂട്ടി താക്കോൽ വാച്ച്മാന്റെ കയ്യിൽ കൊടുത്തു.അവിടെ നിന്നും ജീവിതയാത്ര തുടങ്ങി. കല്ലും, മുള്ളും, സുഖവും, ദുഃഖവുമായി അങ്ങനെ നീണ്ട 40 വർഷങ്ങളായി ഭാര്യയും രണ്ടു മക്കളുമായി കഴിഞ്ഞുപോകുന്നു ജീവിതയാത്ര.

ശുഭം



Article

# Science vs Sky Signs:
## A Meeting Point for Astrology?



R. Asokan

I was elected into the Executive Committee of the Singapore Kerala Association in 1978. I guess I could be considered part of the pioneering batch of Singapore-born Malayalees who served the Association. I served in the Association in various capacities for many years thereafter. For the past 22 years, I have been working in a psychiatric home doing rehabilitation for people with mental illness.

Astrology has been in constant development since ancient times. It is based on the belief that the alignment of stars and planets affect every individual's mood, personality and environment, depending on when he or she was born. It is common for astrologers to print horoscopes in newspapers and in other media that are personalised by the birth dates. These predictions in people's personal lives describe their personalities and provide them advice, all according to the position of astronomical bodies.

Research has shown that, the belief in astrology among human beings, is a kind of coping mechanism for people who need comfort during troubled times in their lives. They believe in its validity and may read horoscopes or consult astrologers who provide interpretations that may align with their own experiences or desired outcomes. They are more likely to believe that astrology is accurate, reinforcing their belief in its effectiveness.

Scientists who have been studying astrology for a long time believe that there is no proof to show that astrological predictions are true. In short, it is a superstitious belief that things like the motions, positions, and relations of the planets, the moon, and sun can be used to interpret or predict human characteristics, affairs, and activities. Astrology has also not demonstrated its effectiveness in experimental studies, has no scientific validity and is thus regarded as pseudoscience.

Kerala's connection with astrology is not only spiritual but also practical. It has deep roots in the Vedic traditions and has

evolved over time to incorporate regional beliefs and customs. In Kerala, astrology and palmistry have long been an integral part of the society. With a history dating back centuries, these ancient practices continue to play a significant role in the lives of many Keralites, offering insights into their destinies and guiding important life decisions.

In Kerala, astrology or "jyotisham" is the study of celestial bodies' positions and their influence on human affairs and natural events. Skilled astrologers, known as "jyothishis", study planetary movements, birth charts, and astrological combinations to make predictions about various aspects of life, including career, marriage, health, and finance. Astrologers are consulted before important life events such as weddings or starting a new venture, seeking guidance on auspicious timings or potential challenges. The belief in astrology is deeply ingrained in the culture, and astrological consultations are commonly sought during festivals and significant life milestones. Kerala astrologers are known for their accuracy and skills.

In recent times, Kerala has also witnessed an increased interest in astrology and palmistry through digital platforms and the media. Online horoscope consultations and palmistry sessions have become so popular, appealing to a broader audience and preserving these ancient traditions in a rapidly changing world.

Elsewhere, the astrology field has seen an upsurge as a booming business, and is evidenced by the countless websites and platforms that cater to the astrologically inclined younger generation. In addition, these horoscopes are also tailored to working and middle-class readers, with newspaper astrology columns offering advice on spending money, travelling and focusing more on their careers.

Astrologers believe that the field has surged in popularity for several reasons, the most noticeable of which is the state-of-the-art technology, followed by the pandemic and the extreme mental health crisis it had propelled. Research has shown that people are more likely to be drawn to horoscopic practices in times of tumult and uncertainty.

For centuries, astrology has played an important role in non-western countries such as India and China. However, it has recently gained increased acceptance in the west, permeating almost every facet of popular culture.

Poem

# BLACK ROSES



There are pink roses,
there are red roses
endearing to all eyes.
But, there are black roses
too, we encounter
in all walks of life...

Under bridges, in curled shapes they sleep.
As tiny frames they sit on rubble heaps.
When the train arrives, they run with speed,
on railway stations selling hot cups of tea.
On traffic signals when you stop,
they offer to clean your dirty car.
Some polish shoes in insignificant corners
of busy bazaars and roads.
Some carry bricks heavier than their own
weight
to build other's lofty homes.
For long hours some work wrapping their
dreams in tobacco leaves.
Some see their rainbows in the glint of glass
bangles they shape. Behind the scenes,
some wash cups and saucers
trying to polish their own fates.

The sweat on their faces
shines like dewdrops on petals soft.
Their innocent eyes smile
at you like blooming flowers.
You smell them, they have the perfume of life,
like others, they yearn to be loved and liked.

They are black roses wishing
to be in a bouquet or a vase,
to be embraced somehow,
in life given a chance.
With their labour they struggle
to emerge into light from the dark.
Will you embrace them
and give them that much needed spark?



**Dr. Aruna Shahani**

The poem is part of Dr Aruna Shahani's solo book 'Mid Autumn Musings' published in 2018 and launched at the Singapore Writers Festival in Nov 2018. It talks about the problem of child labour in many countries, including India.

Story

# TOXIC FRIENDS,

## WHAT IT FEELS LIKE TO HAVE ONE...



Serah Jindu

Serah's passion for writing began at a very young age, and her creativity and ability to capture the reader's imagination have only grown over the years. Serah is 12 years old and she has crafted several engaging and imaginative stories.

''Ring, Ring!'' The house phone rang. The sound vibrated throughout the house. Fatimah dashed to the living room and grabbed the phone to answer the call. ''Hey, Desha, how are you doing now? Why are you calling me at this hour?'' Fatimah asked. ''Sorry Fati! I'm very busy today! I have a party to attend with my friends, and their parents have agreed to drive us to a luxurious restaurant for dinner!'' Desha explained. ''But why Desh? We had plans at the mall today! Can you at least invite me along with your friends? I'm sure that I'll get along with them!'' ''Sorry, but no! Have you finished doing my laundry yet?'' Desha asked rudely. 'Yes, I did, you can come and get it!'' But due to her laziness, Desha demanded Fatimah to drop it off at her house.

After returning from dropping the laundry off at her house, Fatimah buried her face in her hands and began to sob. ''Why has Desha betrayed me like this? What wrong have I done to her? I always do all her work, and she ditches our plans at the last minute to hang out with her friends. This happens always!''

